# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4 ലക്കം 3 പേജുകൾ 49 ജൂൺ 2023



കുട്ടികളുടെ വരകൾ

സമകാലികം

റിഥം ഓഫ് ലൈഫ്

കാർട്ടൂൺ കേരളം

കഥ, കവിത

## സാനുമാഷ്
ജീവിതം പറയുന്നു




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



വതിവില്ലാത്തവിധം ചൂടെറിഞ്ഞ വേനലിന് അവധി. മഴവരവായി. വായനയുടെ വസന്തവും കാലവർഷത്തോടൊപ്പം വന്നുചേരും. എഴുത്തും വായനയും തളിരിടുന്ന മഴക്കാലം, ഭാഷയിൽ പ്രചോദനാത്മകമായ പുതുചേർക്കലുകൾക്കും കളമൊരുക്കും.

വായനക്കാർ എഴുത്തുകാരുമാകുന്ന തൽസ്ഥിതി, ഏറെ ആശാവഹമാണ്. പരക്കെ എഴുതി പ്രസിദ്ധീകരിക്കപ്പെടുന്നവയിൽ, ഒന്നു മിനുക്കിയാൽ വജ്രശോഭയിലെത്തുന്നവയും കാണപ്പെടുന്നു. മാസികക്ക് അയച്ചുകിട്ടുന്ന അനേകം രചനകൾ ഇവ്വിധം, 'ഒന്നു മിനുക്കിയാൽ തിളങ്ങും' എന്ന് തോന്നിപ്പിച്ചവയാണ്. മികച്ച രചനകളോടൊപ്പം, ഇവ്വിധം സ്വീകരിക്കപ്പെട്ടവയും മാസികയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

മലയാള സാഹിത്യസാനുവിൽ ഉപവിഷ്ടനായിരിക്കുന്ന സാനുമാഷ്, തന്റെ ജീവിതം പറയുന്നുവെന്നതാണ്, ഈ ലക്കത്തിന്റെ സവിശേഷത. ബാല്യ-കൗമാര-യൗവനാനുഭവങ്ങൾക്കൊപ്പം, എത്തിനിൽക്കുന്ന തട്ടകവും, ദീർഘസംഭാഷണത്തിൽ സാനുമാഷ് വിവരിക്കുന്നു. ഒരു പുരസ്കാരം സമ്മാനിക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള വിവാദം, ഇവിടെ പരാമർശിക്കപ്പെട്ടിട്ടില്ല. ഈ സംഭവത്തിനു മുമ്പുതന്നെ, മുഖാമുഖം രേഖപ്പെടുത്തി കഴിഞ്ഞിരുന്നതിനാൽ, അതുമായി ബന്ധപ്പെട്ട ഉപചോദ്യത്തിനും സാധ്യമാകാതെ പോയി.

96-ാം വയസിലും ചിന്തക്ക് കാഴ്ചക്കുറവ് സംഭവിച്ചിട്ടില്ലെന്ന്, സാനുമാഷിന്റെ വാക്കുകൾ തെളിവുനൽകുന്നു. കണ്ണിലെ ക്ലേശങ്ങളാൽ വായന സാധിക്കുന്നില്ലെന്ന സങ്കടം പങ്കുവെക്കാനും അദ്ദേഹം മടികാട്ടിയില്ല. മാസികക്ക് പ്രത്യേക അഭിമുഖം അനുവദിച്ചതിന് മാസികാപ്രവർത്തകർ നന്ദി അറിയിക്കുന്നു.

സമകാലികം, റിഥം ഓഫ് ലൈഫ്, കാർട്ടൂൺകേരളം പംക്തികൾക്കൊപ്പം, പതിനാറു കവിതകൾ പുതിയ ലക്കത്തിൽ ചേർത്തിട്ടുണ്ട്. വായനാനുഭവം വിപുലപ്പെടുത്തുന്ന കഥകളും പുസ്തകപരിചയവും ഈ ലക്കത്തിലുണ്ട്.

**-സി.ആർ.രാജൻ,**
എഡിറ്റർ

# അകത്താളുകളിൽ


## ലേഖനം/പംക്തി

ഫ്രാങ്കോ ലൂയിസ്: പേജ് 13
തേജശ്രീ: പേജ് 18
സി.ജി.അശോകൻ പേജ് 21

കുട്ടികളുടെ മഷിപ്പച്ച പേജ് 40

## പുസ്തകപരിചയം

സുരേന്ദ്രൻ മങ്ങാട്ട് പേജ് 28
രാജലക്ഷ്മി മഠത്തിൽ പേജ് 44
രവീന്ദ്രൻ മലയങ്കാവ് പേജ് 46

## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ പേജ് 3

## കഥ

ജയിസൺ കെ. പേജ് 48

## കവിത

രാജൻ സി.എച്ച്. പേജ് 8
സുഭാഷ് പോണോളി പേജ് 9
ഷബ്ന അബൂബക്കർ പേജ് 10
ബഷീർ മുളിവയൽ പേജ് 11
രാജു കാഞ്ഞിരക്കാട് പേജ് 12
യൂസഫ് നടുവണ്ണൂർ പേജ് 29
ദർശന പേജ് 30
വി.പി.ജോൺസ് പേജ് 31
സരസ്വതി കെ.എം. പേജ് 32
ഹാഷിരർ ആലംഗോൾ പേജ് 33
നിബിൻ കള്ളിക്കാട് പേജ് 34
ജയപാലൻ കാര്യാട്ട് പേജ് 35
വിനീത് വിശ്വദേവ് പേജ് 36
സുനിൽരാജ് സത്യ പേജ് 37
അശ്വതി വി.വി. പേജ് 38
കൃഷ്ണകുമാർ മാപ്രാണം പേജ് 39


# കാർട്ടൂൺ കേരളം:






എം.ആർ. ബാലചന്ദ്രൻ



നിത്യലക്ഷ്മി

# സാകക്ഷ്യം

‘**നീ**യിത് കണ്ടോ ഉമേ?’

അമ്മ ന്യൂസ് ചാനലിന്റെ കുറച്ച് കൂടി കൂട്ടി വച്ചു.


പുലരി വെളിച്ചം വിട്ട് വരുന്ന പ്രഭാതങ്ങളിൽ ഇത് പതിവുള്ളതല്ലെങ്കിലും ഞാനത് ശ്രദ്ധിച്ചിരുന്നില്ല. അച്ചാച്ചൻ കടലിൽ വീണ ദിവസം നടന്ന തിരച്ചിൽ, വീട്ടിലിരുന്ന പെണ്ണുങ്ങളെ വിവരങ്ങളറിയിക്കാനാണ് അവസാനമായി പ്രഭാതത്തിൽ ടെലിവിഷൻ ശബ്ദിച്ചത്. ഒടുവിൽ, തിരമാലകൾക്കിടയിൽ കണ്ട ശവത്തെ വള്ളത്തിലേക്ക് വലയിട്ട് വലിച്ചുകയറ്റുമ്പോൾ അക്കരയിലെ ബിനു മാമനാണ് ചിത്തിരച്ചേച്ചിയെ വിളിച്ച്, ‘ടിവി ഓഫാക്കിയേക്ക്. അമ്മയും മക്കളും ചങ്കത്തിടിച്ച് തലകറങ്ങി വീണാൽ ആസ്പത്രിക്ക് കൊണ്ട് വരാൻ അവിടെ ആണുങ്ങളാരുമില്ലല്ലോ‘ എന്ന് പറഞ്ഞത്.

‘ഇനി ഇപ്പോഴൊന്നും വാർത്ത വായിക്കുന്ന പെണ്ണ് വരില്ലെന്റെ അമ്മാളു മുത്തീ.‘ ചിത്തിരച്ചേച്ചി, ഒരുവിധത്തിൽ ചിരിയൊപ്പിച്ച് ദൂരദർശന്റെ ചിരി, കൊട്ടിയണച്ചപ്പോൾ, അമ്മാളു മുത്തി കട്ടിലിൽ പോയി മറിഞ്ഞു വീണ് ഏങ്ങലടിച്ചത് ഇരുപത് വർഷങ്ങൾക്കിപ്പുറവും എന്റെ കണ്ണിലുണ്ട്. ആരുമാരും ഒരു വാക്കും പറയാതെ തന്നെ, അച്ചാച്ചൻ മരിച്ചുവെന്ന് ഞങ്ങളെല്ലാരും അറിഞ്ഞത് അങ്ങനെയാണ്. അതിനു ശേഷമുള്ള പ്രഭാതങ്ങളിലൊന്നും ടെലിവിഷൻ ശബ്ദിച്ചിട്ടില്ല, ചിരിച്ച് കാട്ടിയിട്ടില്ല, ഞങ്ങളാരും അതിനെ തൊട്ടു വിളിക്കാൻ കൂട്ടാക്കിയിട്ടുമില്ല.

പക്ഷേ, ഞാൻ അതൊന്നും അപ്പോൾ ചിന്തിച്ചിരുന്നില്ല.

‘എന്നാലും ആ പെണ്ണിന് ഇതെങ്ങനെ തോന്നി. ആ തങ്കം പോലിരിക്കുന്ന പിള്ളാരെയെങ്കിലും അവന് കൊടുത്തിട്ട് പൊയ്ക്കൂടായിരുന്നോ? ‘ ഞാൻ നിറഞ്ഞു വരുന്ന താമരക്കുമ്പിൾ പോലെയായ എന്റെ കണ്ണുകളെ തുടച്ച്, തുടച്ച് ടെലിവിഷന്റെ അടുത്ത് വന്ന് തുറിച്ചു നോക്കി നിൽക്കുന്നത് കണ്ടപ്പോൾ അമ്മ എന്തൊക്കെയോ പുലമ്പിക്കൊണ്ട് എണീറ്റു.

കരയ്ക്കു പിടിച്ചിടാൻ നോക്കിയ കുഞ്ഞു മീൻ പിടഞ്ഞു പിടഞ്ഞ് ചത്തത് പോലെ ആത്മഹത്യ ചെയ്യപ്പെട്ട ഒരുവളെ, കൊലപാതകിയാക്കാനുള്ള വാർത്താവായനക്കാരുടെ വ്യഗ്രത കണ്ട് എനിക്കെന്തു കൊണ്ടോ പൊട്ടിക്കരയാനാണ് തോന്നിയത്. മുന്നിലാരുമില്ലാഞ്ഞിട്ടും, ചിലയ്ക്കുന്ന ടെലിവിഷൻ ഓഫാക്കുന്നത് പോലും മറന്ന്, ഞാൻ പൂമുഖത്ത് കിടന്ന ചാരുകസേരയിലേക്ക് ഞെരുങ്ങിക്കയറി.



മഴയടുക്കുന്നതും, മേഘം ഇരുണ്ട് കയറുന്നതും കണ്ടപ്പോൾ എന്റെയുള്ളിൽ ആ ദിവസം തെളിഞ്ഞു വന്നു.

കുഞ്ഞിനെയും തോളത്തിട്ട്, നനഞ്ഞ മുടിയുടെ തുമ്പ് കെട്ടാതെ അവൾ പടിപ്പുര കയറി വന്നപ്പോൾ സമയം ആറ് കഴിഞ്ഞിരുന്നു. മഴയിൽ കുളിരണിഞ്ഞ സന്ധ്യ ചുവപ്പ് പരത്തി നിലാവിനെ കാത്തു നിൽക്കുകയായിരുന്നു അപ്പോൾ.

'തുള്ളിയെടുക്കുന്നു. നീ വീട്ടിൽ കയറ് അപ്പൂ.' മുറ്റത്തെ തുളസിത്തറയ്ക്കരികിൽ ഓടിക്കളിക്കുകയായിരുന്ന രണ്ടു വയസ്സുകാരനോട് അവൾ ശബ്ദമുയർത്തി. ഉമ്മറത്തിരിക്കുകയായിരുന്ന ഞാൻ എഴുന്നേറ്റു.

'നീ ഇതെപ്പോൾ വന്നു.' അവൾ എനിക്ക് മുഖം തരാതെ കുട്ടികളെ പിടിച്ച് വരാന്തയിലേക്ക് കയറ്റിക്കൊണ്ട് ചോദിച്ചു.



'ഞാനൊന്ന് ജയന്തമ്മയെ കണ്ടിട്ട് പോകാമെന്ന് വച്ചു. എങ്കിലും നീ ആള് കൊള്ളാം. കെട്ടിച്ചു വിട്ടേപ്പിന്നെ ഈ പാവത്തിനെ ഒന്ന് തിരിഞ്ഞു നോക്കുന്നില്ലല്ലോ. ജയന്തമ്മയ്ക്ക് നീ അല്ലാണ്ട് വേറെ ആരാ ഉള്ളെ?' ഞാൻ അവളുടെ കൈയിൽ നിന്ന്, കുഞ്ഞിന് വാങ്ങി, തോളത്തിട്ട് കൊണ്ട് മുഖത്തേക്ക് നോക്കി.

എങ്ങനെയും ഒരു ചിരി മുഖത്ത് വരുത്തണമെന്ന് കഠിനമായി ആഗ്രഹിക്കുന്നത് പോലെ തോന്നി, അവളുടെ വലിഞ്ഞു മുറുകിയ മുഖം കണ്ടപ്പോൾ.

'വാ ഉമേ. ചായ എടുക്കാം.' ഉത്തരമൊന്നും പറയാതെ അവൾ വന്ന പാടെ അടുക്കളയിലേക്ക് കയറിയപ്പോൾ തന്നെ വിഷയത്തിൽ നിന്ന് വഴിതിരിച്ച്, ഒരു വളവിലെന്നെക്കൊണ്ടിടാനാണെന്ന് എനിക്ക് മനസ്സിലായി.

ജയന്തമ്മ, വാഴത്തടയുടെ പാളികൾ ഒന്നൊന്നായി പൊളിച്ചടുത്ത് കൊത്തി നുറുക്കി അരിഞ്ഞെടുക്കുന്ന സമയമായിരുന്നു അത്.

'ഉപ്പേരി വയ്ക്കാനാണോ അമ്മേ. ഈ ഉമ പണ്ട് എന്റെ ചോറ്റുപാത്രം തട്ടിപ്പറിച്ചെടുക്കുന്നത് തന്നെ വാഴത്തട ഉപ്പേരിയിട്ടത് കഴിക്കാൻ വേണ്ടിയായിരുന്നു.'

ഞങ്ങൾ മൂന്നുപേരും ചിരിച്ചു. മൂന്ന് പെണ്ണുങ്ങളുടെ ചിരിക്കും കുതിർന്നുപോയ കടലാസിന്റെ നനവുണ്ടായിരുന്നു.

ആവി പാറുന്ന ചൂട് ചായയും കൊണ്ട് ഞങ്ങൾ രണ്ട് പേരും പൂമുഖത്തേക്ക് നടന്നപ്പോൾ ജയന്തമ്മ കുഞ്ഞുങ്ങളെ മടിയിലിരുത്തി,

'ചെപ്പ് കൊട്ടങ്ങനെ ചെപ്പ് കൊട്ട്,

അപ്പം തിന്നാൻ ചെപ്പ് കൊട്ട്' എന്ന് പാടിപ്പാടി, കൈ തമ്മിലടിച്ച് ശബ്ദമുണ്ടാക്കുകയായിരുന്നു.

'അനിലെവിടെ? വണ്ടി ഒതുക്കിയിട്ടിട്ട് ഇപ്പോൾ കയറി വരുമെന്നോർത്ത് ഞാനിരിക്കുകയായിരുന്നു. ചായ നമുക്ക് മാത്രമെടുത്തപ്പോൾ മനസിലായി അനിൽ വന്നിട്ടില്ലെന്ന്.'

അവളുടെ മുഖം പെട്ടന്ന് നിലാവിന്റെ കവിളിൽ ആഞ്ഞടിച്ച കാർമേഘം പോലെ ഇരുണ്ടു.

'വന്നില്ല.' അവളുടെ ഒറ്റ വാക്കുത്തരം കേട്ടപ്പോൾ ഞാൻ അന്താളിച്ചു പോയി. ചിരിക്ക് ആണെങ്കിലും കണ്ണീരിനാണെങ്കിലും ഒറ്റവാക്കിൽ ഒതുക്കാത്ത ചിലയ്ക്കലായിരുന്നു എന്നും അവളുടെത്.

'നീ പിന്നെ എങ്ങനെ വന്നു? ഓട്ടോയിലാണോ? അന്നേരം അത്ഭുതം കൊണ്ട് പുരികമുയർത്തിയത് അവളായിരുന്നു.

'ഓട്ടോ പിടിക്കാനൊക്കെ പത്തിരുന്നൂറു രൂപ ആകില്ലേ, ഉമേ? ഞാൻ പിള്ളാരെയും കൊണ്ട് നടന്നിങ്ങു പോന്നു.' ഞാനൊന്നും

മിണ്ടാതെ വിദൂരതയിലേക്ക് കണ്ണോടിച്ച് തൂണ് ചാരി.

പണ്ട്, പണ്ടെന്നു പറഞ്ഞാൽ വെറും മൂന്ന് വർഷം മുൻപ് വരെ, കോളേജിൽ നിന്ന് ജംങ്ഷൻ വരെയുള്ള ബസ് കിട്ടുമ്പോൾ, ജംങ്ഷനിൽ നിന്ന് പതിനഞ്ച് മിനുട്ട് നടക്കാതെ, 'വാ നമുക്കൊരു ഓട്ടോ പിടിക്കാം. കാശിന്റെ കാര്യമോർത്ത് നീ കരയണ്ട, ഞാൻ കൊടുത്തോളാം. ഈ വെയിലത്ത് നടക്കാൻ എനിക്ക് വയ്യ. പോരാത്തതിന് പൊടിയലർജിയും' എന്ന് പറയുന്ന ഒരു പെൺകുട്ടിയുടെ മുഖം ഹൃദയത്തിൽ ചങ്ങല പിടഞ്ഞ് കിടക്കുന്ന ഓർമ്മകളിൽ നിന്നെണീറ്റ് എന്നെ ഒളികണ്ണിട്ട് നോക്കി.

മഴ പിന്നെയും അലറിക്കരഞ്ഞ് തിരിച്ച് കേറി വന്നപ്പോൾ ഞങ്ങളെണീറ്റ് മുകളിലെ മുറിയിലേക്ക് പോയി.



പണ്ടും മഴയുള്ള ദിവസങ്ങളിൽ മുകളിലെ മുറിയുടെ ജനലരികിൽ ചെന്നിരുന്ന് കഥ പറയുന്നതായിരുന്നു ഞങ്ങൾക്ക് രസം. പക്ഷേ, ഇന്ന് ഞങ്ങൾക്കിടയിൽ അതിഭീകരമായ ഒരു മൗനം തളം കെട്ടി നിന്ന് ചിരിച്ചു.

മറുവശത്ത് അടുക്കി വച്ചിരുന്ന, ഇപ്പോൾ ആരും തുറക്കാറില്ലാത്ത പുസ്തകങ്ങൾക്കരികിൽ വന്നു നിന്ന് അവയെ ഒരു വട്ടം തലോടി ഞാൻ അവളോട് ചോദിച്ചു, 'നീ ഇപ്പോൾ എഴുതാറില്ലേ?'

പെട്ടെന്ന് അവളുടെ ഉള്ളിലും പുറത്തും അമർത്തിപ്പിടിച്ചു വച്ചിരുന്ന കാർമേഘം ആർത്തലച്ച് പെയ്യാൻ തുടങ്ങി. അവളെന കെട്ടിപ്പിടിച്ചു. ഞാനവളോട് കരയരുതെന്ന് പറഞ്ഞു.

സൂസമ്മ ടീച്ചർ, കണക്ക് ഹോംവർക്ക് ചെയ്യാത്തതിന് തല്ലിയപ്പോഴും, ലില്ലിയാന്റി, വീട്ടിലെ റോസാപ്പൂ കട്ടെടുത്തതിന് കണ്ണുരുട്ടിയപ്പോഴും, മിന്നാരി ബസ്സിലെ കണ്ടക്ടർ ച്ചെക്കൻ കണ്ണിറുക്കിക്കാണിച്ച് ഇഷ്ടാന്ന് പറഞ്ഞപ്പോഴും ഇതേ ഇടത്തിലിരുന്ന് ഞാൻ അവളോട് കരയരുതെന്ന് പറഞ്ഞ് കെട്ടിപ്പിടിച്ചിട്ടുള്ളത് ഒരു മിന്നലടി വേഗത്തിൽ ഓർത്തുപോയി.

പക്ഷേ, അതുപോലൊന്നുമല്ല ഇപ്പോൾ. അതുപോലൊരു കാലം ഇനി ഒരിക്കലും ഉരുണ്ട കേറി വരികയുമില്ല.

'നിനക്ക് എന്ത് പറ്റി എന്റെ ദീപ്തീ..?' അവൾ കരഞ്ഞു തീർക്കട്ടെയെന്ന് കരുതി നിശബ്ദതയ്ക്ക് വഴിതുറന്നിട്ടിട്ടും എനിക്കത് ചോദിക്കാതിരിക്കാനായില്ല.

'ഉമേ, എനിക്ക് മരിക്കാൻ തോന്നുന്നു.' എന്റെ ഉള്ളൊന്ന് പിടഞ്ഞ് വലിഞ്ഞു. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ ചന്ദ്രനും സൂര്യനും കാണാതാകുന്ന കാലം വരെ ഈ ലോകത്ത് ജീവിക്കാൻ ഞാൻ കൊതിക്കുന്നുവെന്ന് ഡയറിയിൽ കുറിച്ചിട്ട ഒരു പെൺകുട്ടി എന്റെ ഉള്ളിലിരുന്ന് കൊഞ്ഞനം കാണിക്കുന്നത് പോലെ തോന്നി.

'ഞാൻ മരിക്കുകയാണെങ്കിൽ എന്റെ കുട്ടികൾക്ക് ആരുമുണ്ടാകില്ല, ഉമേ. അതുകൊണ്ട് മാത്രമാണ് ഞാൻ മരിക്കാതിരിക്കുന്നത്. രാത്രിയിൽ എന്റെ പൊടിമോനുണർന്ന് കരയുമ്പോഴൊക്കെ ആ നാശത്തെ എടുത്തു കൊണ്ട് എവിടേക്കിലും ഇറങ്ങിപ്പോടിയെന്ന് അയാൾ പറയും.'

എട്ട് മാസം മാത്രം പ്രായമായ കുഞ്ഞിന്റെ സുന്ദരമായ മുഖം എന്റെ ഹൃദയത്തിലേക്ക് അപ്പോൾ തുരന്ന് കയറി.

'അപ്പൂന് നാല് മാസം മാത്രമായിരുന്ന സമയത്ത് ഞാൻ വീണ്ടും ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ എല്ലാവരും കൈപൊത്തി ചിരിച്ചു, നിനക്ക് അറിയാമോ? പക്ഷേ, ഞാൻ ആഗ്രഹിച്ചിട്ടല്ല ആ കുഞ്ഞ് വയറ്റിൽ ജനിച്ചത്. അതിനെ എങ്ങനെ കൊന്നു കളയണമെന്ന് ഞാൻ എത്ര കൊതിച്ചെന്ന് നിനക്കറിയാമോ?' ഞാനെന്റെ പുരികം വലിച്ച് മുകളിൽ കയറ്റി ഒടിച്ചിട്ട് അവളെ നോക്കി.

ശബ്ദം ഒട്ടും പുറത്ത് വരാത്ത തരത്തിൽ, എന്റെ നാക്ക് മരവിച്ചു പോയിരുന്നു. സർവ്വവിധ സന്തോഷ സന്നാഹങ്ങളോടും കൂടി കുടുംബജീവിതം നയിക്കുകയാണെന്ന് എല്ലാവരെയും വിശ്വസിപ്പിച്ചിരുന്ന കൂട്ടുകാരി ഇവ്വിധം തകർന്ന് തേങ്ങുമ്പോൾ നാക്ക്

മരിച്ചു വീഴാതെയെങ്ങനെ!

'അന്നൊരു അവധി ദിവസമായിരുന്നു. വീട്ടിൽ എല്ലാവരും കൂടെ ഗുരുവായൂർക്ക് പോകുന്നെന്ന് പറഞ്ഞപ്പോൾ, അയാൾ പറഞ്ഞു നിങ്ങൾ പൊയ്ക്കോളൂ അവളും കുഞ്ഞും തനിച്ചല്ലേ ഞാൻ വരുന്നില്ലായെന്ന്. അച്ഛനായപ്പോൾ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനും സ്നേഹിക്കാനും തുടങ്ങിയല്ലോ എന്നോർത്ത് ഞാനെത്ര സന്തോഷപ്പെട്ടു എന്നറിയാമോ? പക്ഷേ, അവർ യാത്ര പുറപ്പെട്ടതിന്റെ അന്ന് പുലർച്ചെ അഞ്ച് മണിക്ക് ഉറങ്ങിക്കിടന്ന എന്നെ തട്ടി വിളിച്ചിട്ട് 'തുണിയഴിക്കെടീ' എന്നയാൾ അലറിയപ്പോൾ... ' അവളുടെ ശബ്ദമിടറി.

'കണ്ണുതുറക്കുമ്പോൾ വിസ്കിയുടെ കുപ്പികൾ രണ്ടെണ്ണം മേശമേലിരിക്കുന്നതും അയാളുടെ കൈയിൽ ഒരു ഗ്ലാസ് നിറഞ്ഞൊഴിയുന്നതും ഞാൻ കണ്ടു. എന്റെ പൊന്നുമോൻ ഒന്നുമറിയാതെ ഉറങ്ങുന്നു. ഞാൻ പൊട്ടി കരഞ്ഞു പോയി അയാൾ കുഞ്ഞിനെയെടുത്ത്, നിലത്ത് ഒരു പായ വിരിച്ച് അതിൽ കിടത്തിയിട്ട് എന്നെ ബലമായി കടന്നുപിടിച്ചു. എന്റെ ശരീരം വേദനിക്കുന്നുണ്ടായിരുന്നു. പറ്റില്ലെന്ന് കരഞ്ഞു കൊണ്ട് ഞാനെത്ര പറഞ്ഞെന്നറിയാമോ? സിസേറിയൻ ചെയ്ത മുറിവിന്റെ പാടുകളിൽ നിന്ന് വേദന ഇളകാൻ തുടങ്ങി. കഴിയുന്നതു പോലെയൊക്കെ ഞാനെതിർത്തു. പക്ഷേ, അയാൾ എന്നെ കൂടുതൽ കൂടുതൽ ദ്രോഹിക്കുകയാണ് ചെയ്തത്. ഉച്ചയ്ക്ക് കുഞ്ഞ് ഉറങ്ങിയ സമയത്ത് അലമാരയിലിരുന്ന് എന്റെ ഷാളെടുത്ത് കകൈയും കാലും കെട്ടിയിട്ടാണ് അയാൾ...'

കുറച്ചുനേരം നിശബ്ദത ഞങ്ങൾക്കിടയിൽ പിടിമുറുക്കി. ഇനിയും അവളോട് കരയരുതെന്ന് പറയാൻ ഞാൻ ആളല്ലെന്നു എനിക്ക് തോന്നി.

'ദീപ്തീ...' ഞാൻ അവളെ തലോടി.

'ഉമേ, ബലാത്സംഗം ചെയ്യപ്പെടുന്നവർ ആത്മഹത്യ ചെയ്തു പോകുന്നത് ശരീരത്തിലെ വേദന കൊണ്ടല്ല, ആത്മാഭിമാനം നശിച്ചു പോയിട്ടാണെന്ന് ഇപ്പോ എനിക്ക് മനസ്സിലാകുന്നു.'

ഒരു നെടുവീർപ്പിട്ട ശേഷം അവൾ തുടർന്നു, 'ആ ദിവസത്തിന്റെ മുറിവാണ് എന്റെ ഉള്ളിൽ വളരുന്ന അയാളുടെ രണ്ടാമത്തെ വിത്തെന്ന് ഓർത്തപ്പോഴൊക്കെ എനിക്ക് വേദനിച്ചു. അയാളുടെ അമ്മ ഉൾപ്പെടെ എല്ലാവരും ഇത് വേണ്ടെന്നു വയ്ക്കാമെന്ന് പറഞ്ഞതാ. സിസേറിയൻ കഴിഞ്ഞിട്ട് മാസങ്ങൾ ആകുന്നതേയുള്ളൂ, അതിനു മുൻപ് രണ്ടാമതൊരു കുഞ്ഞു കൂടി വേണ്ടെന്ന് എല്ലാവരും പറഞ്ഞു. ഞാനും എത്ര പറഞ്ഞു. പക്ഷേ പെണ്ണ് പെറാനുള്ളതാ അല്ലെങ്കിലെന്തിന് കെട്ടാൻ നിന്ന് തന്നു എന്നൊക്കെ അയാൾ പുലമ്പി. ഈ കൊച്ചിനെ നീ പെറ്റില്ലെങ്കിൽ കഴുത്തിൽ താലി കാണില്ലെന്ന് പറഞ്ഞപ്പോഴാണ് ഞാൻ നിശബ്ദയായി പോയത്. അപ്പു കുഞ്ഞല്ലേ, അച്ഛനില്ലാതെ അവനെങ്ങനെ വളരും മോളെ, ഇതൊക്കെ സഹിക്കാനാണ് നമ്മളെ ദൈവം പെണ്ണുങ്ങളാക്കിയതെന്ന് എന്റെ അമ്മയും അയാളുടെ അമ്മയും പറഞ്ഞു. അതൊക്കെ ശരി... പക്ഷേ, വയറിങ്ങനെ വീർത്തു വീർത്തു വരുമ്പോഴുള്ള വേദനയുണ്ട്.. കണ്ണീന്ന് തീ പാറും പോലെയാണ്.'

അവളുടെ കണ്ണീരിന് ചൂടുണ്ടായിരുന്നു. എനിക്ക് അയാളോട് ദേഷ്യം തോന്നി. 'അവനെ കളഞ്ഞിട്ട് വീട്ടിൽ വന്ന് നിൽക്ക് പെണ്ണേ'യെന്ന് പറയാൻ ഞാൻ അവളുടെ സഹോദരിയായി പിറന്നില്ലല്ലോ എന്നോർത്ത് അന്ന് രാത്രി ഞാൻ വളരെ വിഷമിച്ചു. ചെറുപ്പത്തിൽ അച്ഛൻ മരിച്ചു പോയ ആ കൊച്ചു പെൺകുട്ടി, തന്റെ മക്കൾക്ക് കിട്ടേണ്ട പിതൃവാത്സല്യം എത്രയോ അമൂല്യമായി കരുതുന്നു.അതിലെനിക്ക് അത്ഭുതമില്ല.

'എനിക്ക് അമ്മയെങ്കിലും ഇല്ലായിരുന്നെങ്കിൽ..' എന്ന് പറഞ്ഞ് നെടുവീർപ്പിടുന്ന ഒരു കൗമാരക്കാരി എന്റെ കണ്ണിൽ തെളിഞ്ഞു വന്നു. അകത്ത് ടെലിവിഷന്റെ അട്ടഹാസം. ഞാൻ ഓർമ്മകളിൽ നിന്നുണർന്നു വന്ന് ശൂന്യതയിൽ കണ്ണ് നട്ട് കിടന്നു.

'അമ്മയ്ക്ക് നീയെങ്കിലും ഇല്ലായിരുന്നെങ്കിൽ...'എന്ന് അന്നൊന്നും അവളോട് തിരിച്ചു ചോദിക്കാതെ പോയ എന്നെ ഞാനാ പ്രഭാതത്തിൽ നൂറുവട്ടം ശപിച്ചു.

കിണറ്റിൽ കുഞ്ഞുങ്ങളെ ചാടിച്ചിട്ട് പിന്നാലെ ചാടിയ അമ്മയുടെ മുഖം ടെലിവിഷനിൽ വീണ്ടും വീണ്ടും കാണിക്കുന്നു.

'ഇത്രയും സൗഭാഗ്യമുള്ള വീട്ടിൽ ചെന്ന് കയറിയിട്ടും അവൾക്ക് എന്തിന്റെ കേടായിരുന്നു' എന്ന് അമ്മയുടെ കോപം. അത് പശ്ചാത്തല സംഗീതത്തിന്റെ ഉച്ചസ്ഥായിയിൽ വീട് മുഴുവൻ നാല് നാൾ ചുറ്റി നടന്നു.

ഞാൻ മാത്രം, ഒരു പെണ്ണിന്റെ വീർത്തു വീർത്തു വരുന്ന സ്റ്റിച്ചിനു മുകളിലെ പഴുപ്പടിച്ച വേദനയിൽ തൊട്ടുനോക്കുന്നത് സങ്കൽപ്പിച്ച് കണ്ണീരു വാർത്തു. ●

# ഇന്നസെന്റ്



**രാജൻ സി എച്ച്**

കവിത



ഇന്നസെന്റെന്നാണത്രേ
പേരയാൾക്കെന്നാലത്ര
ഇന്നസെന്റാവനെന്തേ
കാരണം ചോദിപ്പൂ ഞാൻ.

വാക്കിനാലയാൾ നമ്മെ
ചിരിപ്പിച്ചതിൽ ഭാവം
വാക്കിനേക്കാളും ചിരിബ
പ്പിക്കുവാനുതകിയാൾ


ഭാവസംവേദകമാം
നടനത്താലെ ശുദ്ധബ
ഹാസ്യത്തെയുന്മീലിതബ
മാക്കിയാ സാർവഭൗമൻ.

കരഞ്ഞാലതും ചിരി
യെന്നായിപ്പൊട്ടിത്തൂവും
ചലനങ്ങളിൽ നാട്യബ
സ്വാരസ്യം നിറച്ചയാൾ

രോഗപീഡയെ രാഗബ
പീഡയാക്കിയോരയാൾ
ദേവസൗഭ്രാത്രം പുണർബ
ന്നുൾത്തരിപ്പറിഞ്ഞോരാൾ

ഇന്നസെന്റെന്നാണയാൾ
എന്നുമേ തൻ പേരിലാബ
യുദ്യമിച്ചെന്നെന്നാളും
മലയാണ്മയെത്തോറ്റി.

മറഞ്ഞെന്നാലും മായാബ
തുണ്ടാമുൾച്ചിരിയായി
മനസ്സിൽ മലയാള
നഭസ്സിൽച്ചിരകാലം.



# രതിപർവ്വങ്ങളുടെ നിലാക്കയങ്ങൾ



കവിത

നിന്റെ വിയർപ്പുകണങ്ങൾ ചേക്കേറുന്ന
നെറ്റിത്തടത്തിലെ നീർച്ചാലുകൾ
മഴപ്പെയ്ത്ത് കാതോർത്തു
നാഭിതടത്തിലേക്ക് ഒഴുകിയെത്തുന്നു.

കണ്മഷ ചോലകളിൽ എയ്തുവീണ അർത്ഥമറിയാ
ഏറുനോട്ടങ്ങളിൽ രതി ചിഹ്നങ്ങളുടെ മുദ്രകൾ
ചുംബനക്കൂടുകൂട്ടുന്നുണ്ട്.

നിന്റെ നീർമാതളങ്ങളെ ഉമ്മവെച്ചൊരു ശ്വാസക്കണിക
യുഗാന്തരങ്ങളുടെ പ്രണയച്ചാലുകൾ
നീന്തി ഓർമ്മകളെ അയവിറക്കുന്നു.

അത്തിപ്പഴത്തിന്റെ മധുരിമയിൽ
നിന്റെചുണ്ടുകൾ
വസന്തത്തെ
മൊത്തിയെടുക്കുമ്പോൾ
വികാരങ്ങളുടെ പുളിനങ്ങളിൽ
നദികളുടെ കുത്തൊഴുക്കിനെ
വരിഞ്ഞുമുറുക്കുന്നുണ്ട്.



സുഭാഷ് പോണോളി

പ്രഭാതങ്ങൾ പനിച്ചു കിടന്ന നിന്റെ കഴുത്തിനുചുറ്റുമൊരു
നിർന്നിമേഷത്തിൻ കുഞ്ഞുകുരുവി
വട്ടമിട്ടു പറക്കുന്നു.

അനുഭൂതിയുടെ ലാവാപ്രവാഹത്തിൽ കാട്ടുതേൻ
രുചിയുമായൊരു മാൻപേട കുഞ്ചിയിൽ കന്മദം
ഒളിപ്പിച്ചുവെച്ച് നിന്നെ കളിയാക്കുന്നു.

ആത്മാവുകൾ കുടിയേറിയ ആൽമരങ്ങളുടെയിലകൾ
നിന്റെയടിവയറ്റിലെ ഉഷ്ണരേണുക്കളിൽ കുടിയേറിപ്പാർക്കുന്നു.

മൂർച്ചയുള്ള നോട്ടങ്ങളിൽ വെന്തുരുകിപ്പോയ
രതിമന്ത്രണങ്ങളുടെ നിലാക്കയങ്ങളിൽ പ്രകൃതി നിർത്താതെ പെയ്യുന്നു.

നിന്റെ നിശ്വാസത്തിന്റെ മൂടൽമഞ്ഞു പുതപ്പിച്ചയെന്റെ
പുലർകാലത്തെ വസന്തകണികളിൽ
സൂര്യ രേണുക്കൾ അധരമമർത്തുന്നു.
സ്വപ്നജാലത്തിലെ മാന്ത്രികനാകുന്നു ഞാൻ.

# തെറ്റിനെ സമം വരയ്ക്കുമ്പോൾ നീയാവുന്നിടങ്ങൾ





കവിത

ഷബ്ന അബൂബക്കർ

സ്വാർത്ഥതയല്ലെന്ന് സമർത്ഥമായി തെറ്റിദ്ധരിപ്പിച്ച്
പ്രിയപ്പെട്ടവർക്ക് സമാധാനവും സന്തോഷവും
അഭിമാനവും ഉറപ്പു വരുത്താനെന്ന് ചൂണ്ടി കാട്ടി
നീ ഇറങ്ങി നടന്ന ഇടങ്ങളിലേക്കൊന്ന്
തിരിച്ചു നടന്നു നോക്കൂ...

വികാരത്തിന്റെ കൊടും ചൂടിലെപ്പോഴോ
അഴിച്ചെറിഞ്ഞ ചാരിത്രത്തിൽ വീണു പോയ
കറയെ മായ്ക്കാനാവാത്ത നിരാശയിൽ
മണ്ണെണ്ണയൊഴിച്ചെല്ലാം ചാരമാക്കി നീ
മാഞ്ഞു പോയതിൽ പിന്നെ
വെന്തു നീറുന്ന ചില മനുഷ്യരുണ്ട്...

മുറുക്കി കെട്ടിയ ബന്ധങ്ങളൊക്കെയും
ബന്ധനങ്ങളെന്ന് പൊട്ടിച്ചെറിഞ്ഞു
തളർന്നിട്ടും തോൽക്കാൻ മടിച്ചൊടുക്കം
ഒറ്റക്കയറിനാൽ ബന്ധനം തീർത്ത്
ജയിച്ചെന്ന് കണ്ണു തുറിച്ചു കാട്ടി
നീ അകന്നു പോയപ്പോൾ മുതൽ
ഒന്നു തിരിഞ്ഞു നടക്കാനാവാത്ത വിധം
എരിയുന്ന ഓർമ്മകളിൽ ബന്ധിക്കപ്പെട്ട്
ശ്വാസംമുട്ടി പിടയുന്നവരുണ്ട്..

'വയറു നിറച്ചവനെ' തിരിച്ചറിയാനാവാത്ത
ഗതികേടിനെ പഴിച്ചു അവസാന തുള്ളി
വിഷവും വാശിയോടെ കുടിച്ചിറക്കി
മൗനമായി നീ ഇറങ്ങി പോയതിൽ പിന്നെ
ഒരു വറ്റു പോലും ഇറക്കാനാവാതെ
ചങ്കുപിടഞ്ഞു മരിക്കാതെ മരിക്കുന്ന
ഒത്തിരി ജീവിതങ്ങളുണ്ട്...

നീ ക്ഷണിച്ചു വരുത്തിയവരെന്ന് മറവി നടിച്ച്
പെണ്മയുടെ ഉടയാടകൾ ഭാഗിച്ചെടുക്കാൻ
ഇരുൾ തുരന്ന് ആർത്തി പൂണ്ടെത്തിയവരെ
തോൽപ്പിക്കാൻ പകയെരിച്ചു പകൽ തുരത്തി
നീല ഞരമ്പുകളെ അറുത്തു മുറിച്ചു
വീതം വെച്ച് നീയകന്നു പോവുമ്പോൾ ചിതറി വീണ
മഞ്ചാടി മുത്തുകളിൽ നോക്കിയിരിക്കെ
കണ്ണു കലങ്ങി മനസ്സിടറി
ചിറകറ്റു വീണ ഒത്തിരി സ്വപ്നങ്ങളുണ്ട്.....

പരാതികൾക്കും പരിഭവങ്ങൾക്കും
പരിഹാസങ്ങൾക്കുമെല്ലാം പരിഹാരമെന്ന്
നീ സ്വതന്ത്രമാക്കി വിടാൻ തിടുക്കം കാട്ടിയ
നിന്റെ ഹൃദയതാളത്തെ തിരിച്ചു പിടിക്കാൻ
പ്രാർത്ഥനയോടെ ദിനങ്ങളെണ്ണി മടുത്തിട്ടും,
മിഴിനീര് കുടിച്ചു ദാഹമകറ്റി
പ്രതീക്ഷ വെടിയാതെ കാത്തിരുന്നവർക്ക് നേരെ
മുഖം തിരിച്ച് അവ പറന്നകന്നതിൽ പിന്നെ
നിത്യവും പ്രാകി തുപ്പുന്ന പലവായകൾക്ക്
മുന്നിൽ തലകുനിച്ചു നിന്ന്
വാക്കുകളുടെ കൂരമ്പേറ്റ് വാങ്ങി
തീരാ വേദനകളുടെ അഗാധമായ
ഗർത്തത്തിലേക്ക് ചിതറി വീണവരുണ്ട്...

ഇതിൽ എവിടെയാണ് നീ വെച്ചു നീട്ടിയ സമാധാനം?
എവിടെയാണ് നിനക്ക് സന്തോഷത്തിന്റെ ഒരു
ചിരിപ്പൊട്ടെങ്കിലും കണ്ടെടുക്കാനാവുന്നത്?
അപമാനത്തിന്റെ കനം പേറി ശിരസ്സ് ഭൂമിയോളം
കുനിഞ്ഞു പോയവരെവിടെയാണ്
അഭിമാനത്തിന്റെ പൊൻ തൂവൽ ചൂടേണ്ടത്?

ഒരിക്കലും ഒരു ചുവടു പോലും പറിച്ചു വെക്കാൻ
കഴിയാത്ത വിധം നീ ഇറങ്ങി പോയ ഇടങ്ങളിൽ
കല്ലിച്ചു നിൽക്കുന്നവർക്ക് ശരിയുടെ ശബ്ദം
പോലും നിഷേധിച്ച നീ ആയിരുന്നില്ലേ തെറ്റ്?

പ്രിയപ്പെട്ടവരെ രക്ഷപ്പെടുത്തുന്നുവെന്ന്
കണ്ണിറുക്കി കാട്ടി കഷ്ടപ്പെടുത്തി
നീതിയല്ലെന്നറിഞ്ഞിട്ടും സ്വയം രക്ഷപ്പെടാൻ
നോക്കിയതിൽ ന്യായമെവിടെയാണ്???

തെറ്റെന്നതിന് നീയെന്ന് മാത്രമായിരുന്നില്ലേ ശരി?
തെറ്റ് പറ്റിയത് നിന്റെ തീരുമാനത്തിനായിരുന്നില്ലേ??

# മൂന്ന് റീൽ കവിതകൾ



ബഷീർ മുളിവയൽ

## വായന

=====

മത്സ്യങ്ങൾ ആകാശത്തെ കടലെന്ന് വായിക്കുന്നു
നക്ഷത്രങ്ങളെ മീനുകളെന്നും -
മരങ്ങൾ ആകാശത്തെ
ഭൂമിയെന്നും -
നക്ഷത്രങ്ങളെ പൂക്കളെന്നും വായിക്കുന്നു
പക്ഷികളാണ് ആകാശത്തെ ആകാശമെന്ന് വായിച്ചതും
നക്ഷത്രങ്ങളെ സ്വപ്നം കണ്ടതും
അങ്ങനെയാണവക്ക് ചിറകുകൾ മുളച്ചത്.

## പരിവർത്തനം

==========

വാഴപ്പൂവിൽ വന്നിരുന്നു
തേൻ നുകരുന്ന വവ്വാലിനെ ചിത്രശലഭമെന്ന് വിവർത്തനം ചെയ്തു!
വാഴ പൂച്ചെടി എന്ന് മൊഴിമാറ്റപ്പെട്ടു

ഇപ്പോൾ വാഴത്തോപ്പ്
മനോഹരമായ
ഒരു പൂന്തോട്ടം.

## സത്വം

=======

മുകളിലൂടെ പറക്കുന്ന വിമാനത്തിന്റെ നിഴൽ
ഭൂമിയിൽ പക്ഷിയായും, കടലിൽമത്സ്യമായും
അടയാളപ്പെടുന്നു

സ്വന്തം ശബ്ദം
ആകാശത്തിലതിനെ വിമാനമായിത്തന്നെ
നില നിർത്തുന്നു.

# മാവു പൂത്തതു കാൺകേ......



രാജു കാഞ്ഞിരങ്ങാട്



മാവു പൂത്തതു കാൺകേ
മാനസം രാഗാർദ്രമായ്
പ്രേമവും, വസന്തവും
സിരയിൽ സരയുവായ്

യൗവ്വനം തളിർക്കുന്നു
കുടമുല്ലപ്പൂവായി
കണ്ണാന്തളി തേടി
കാടുകൾ കയറുന്നു

ചില്ലയും,ഇലകളും
ഉമ്മ വച്ചീടുന്നെന്നെ
നിൻ കരവല്ലിയാലെ
വരിഞ്ഞുമുറുക്കുന്നു

കശുമാന്തോപ്പിൽനിന്നും
മഞ്ഞ മാമ്പഴത്തിന്റെ
മധുരം ചോരാതെ നാം
മലയിറങ്ങിയതും

മുന്തിരിച്ചന്തംയെന്നു ചൊല്ലി നീ
യെൻ കവിളിൽ
വീര്യമാർന്ന വീഞ്ഞായി
ചുംബനംനൽകിയതും

ഇന്നുമെൻ ചുണ്ടിൻചില്ലതുമ്പിലൊ-
രിലയായി
മുളയിടുന്നതുണ്ടീ
മാവു പൂത്തതു കാൺകേ....

.



**ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയ്ക്കു സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനു ഭരണചുമതല നൽകിയപ്പോൾ പ്രതീകാത്മകമായി കൈമാറിയ അധികാര ദണ്ഡ്.**

# അധികാരത്തിന്റെ ചെങ്കോൽ



ഫ്രാങ്കോ ലൂയിസ്

അധികാരത്തിന്റെ ചെങ്കോൽ കൈയടക്കാനുള്ള പോരാട്ടമാണെങ്ങും. ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് അറിയപ്പെടുന്ന ഇന്ത്യയിലെ പുതിയ പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്തപ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്പീക്കറുടെ പീഠത്തിനരികിൽ സ്ഥാപിച്ചതും അധികാരത്തിന്റെ ചെങ്കോലാണ്. ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയ്ക്കു സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനു ഭരണചുമതല നൽകിയപ്പോൾ പ്രതീകാത്മകമായി കൈമാറിയ അധികാര ദണ്ഡ്. നീതിയുടെ അടയാളമായ നന്ദിപ്പശുവിന്റെ രൂപം കൈപ്പിടിയാക്കിയുള്ള സ്വർണത്തിൽ തീർത്ത അഞ്ചടി നീളമുള്ള ഒരു ഊന്നുവടികൂടിയാണ് ഈ ചെങ്കോൽ.

ജനാധിപത്യത്തിന്റെ ശ്രീകോവിലാണ് ഇന്ത്യൻ പാർലമെന്റ്. 141 കോടി ജനങ്ങൾ തെരഞ്ഞെടുത്തയച്ച ജനകീയ നിയമനിർമാണ സഭ. പാർലമെന്റ് ഇന്ത്യൻ ഭരണകൂടത്തിന്റെ പരമോന്നത അധികാര കേന്ദ്രമാണ്. ജനക്ഷേമത്തിനുള്ള നിയമങ്ങൾ, ജനദുരിതം അകറ്റുന്നതിനുള്ള നിയമങ്ങൾ തയാറാക്കുന്ന പരമാധികാര സഭ. അങ്ങനെയൊരു സഭയ്ക്കു സമ്മേളിക്കാനും നിയമ നിർമാണം നടത്താനും യോജ്യവും പ്രൗഢോജ്വലവുമായ മന്ദിരമാണ് പുതിയ പാർലമെന്റ് മന്ദിരം. മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങിൽനിന്ന് കോൺഗ്രസ് അടക്കമുള്ള 20 പ്രതിപക്ഷ കക്ഷികൾ വിട്ടുനിന്നു. ഉദ്ഘാടന ചടങ്ങിൽനിന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിനെ ഒഴിവാക്കിയതിലും പാർലമെന്റിൽ പ്രതിപക്ഷത്തെ നിശബ്ദമാക്കുന്ന മോദി നയത്തിലും പ്രതിഷേധിച്ചാണ് പ്രതിപക്ഷം ബഹിഷ്കരണ സമരം നടത്തിയത്.

ജനാധിപത്യത്തിന്റെ അടയാളമായ പാർലമെന്റ് മന്ദിരത്തിൽ ജനാധിപത്യം ഇല്ലെങ്കിൽ അങ്ങനെയൊരു പ്രൗഢോജ്വലമായ മന്ദിരംകൊണ്ട് എന്തു പ്രയോജനം? പാർലമെന്റിൽ ചെങ്കോലേന്തിയ ഭരണാധികാരിയു

ടെ അധികാര ശബ്ദം മാത്രമേ ആകാവൂവെന്ന അവസ്ഥയിലാണ് ഇന്ത്യൻ ജനാധിപത്യം. ജനകീയ വിഷയങ്ങളുടെ ചർച്ചയ്ക്കു വേദിയാകുന്നില്ലെങ്കിൽ പാർലമെന്റിൽ ജനാധിപത്യമുണ്ടെന്നു പറയാനാകുമോ?

കഴിഞ്ഞ പാർലമെന്റ് സമ്മേളനക്കാലത്തുപോലും നാം കണ്ടത് അതാണ്. ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ അദാനിയുടെ അനധികൃത ഇടപാടുകൾ അന്വേഷിക്കണമെന്ന പ്രതിപക്ഷ ആവശ്യംപോലും സഭാ രേഖകളിൽനിന്ന് നീക്കം ചെയ്തു. മോദി - അദാനി ബന്ധത്തെക്കുറിച്ച് ഉന്നയിച്ച ആരോപണം സഭാരേഖകളിൽനിന്ന് നീക്കുകയും പ്രതിപക്ഷ നേതാക്കൾക്കെതിരായ അധിക്ഷേപങ്ങൾ സഭാരേഖകളിൽ നിലനിർത്തുകയും ചെയ്യുന്നതും നാം കണ്ടു. ജനാധിപത്യത്തിന്റെ ശ്രീകോവിലോ കശാപ്പുശാലയോയെന്നു ജനം വിധിക്കട്ടെ.



## പുതിയ മന്ദിരം

ഏഴു ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള പുതിയ പാർലമെന്റ് മന്ദിരം 862 കോടി രൂപ ചെലവിട്ടാണു നിർമിച്ചിരിക്കുന്നത്. 93 വർഷം പഴക്കമുള്ള നിലവിലുള്ള പാർലമെന്റ് മന്ദിരത്തിന് ഇപ്പോഴും പ്രൗഢിയെല്ലാം ഉണ്ടെങ്കിലും പ്രാകൃതാവസ്ഥയിലാണ്. പുതിയ പാർലമെന്റ് മന്ദിരത്തിന്റെ പ്രൗഢി വിളിച്ചോതുന്ന വെബ് സൈറ്റിൽതന്നെ പഴയ കെട്ടിടത്തിന്റെ ദ്രവിച്ചതും തകർന്നതും പ്രാകൃതവുമായ ഭാഗങ്ങളുടെ ചിത്രങ്ങൾ കാണാം. അതിനേക്കാളുപരി പാർലമെന്റ് അംഗങ്ങൾക്ക് ഇരിപ്പിടം നൽകാൻപോലും സ്ഥലമില്ലെന്നതാണു രസകരമായ കാര്യം. അതുകൊണ്ടാണ് പുതിയ പാർലമെന്റ് മന്ദിരം നിർമിക്കണമെന്ന നിർദേശം യുപിഎ ഭരണകാലത്ത് 2012 ൽ കോൺഗ്രസ് നേതാവ് മീരാകുമാർ സ്പീക്കറായിരുന്നപ്പോൾ മുന്നോട്ടുവച്ചത്.

നമുക്ക് 543 ലോക്സഭാംഗങ്ങളും 245 രാജ്യസഭാംഗങ്ങളുമാണുള്ളത്. നിലവിലുണ്ടായിരുന്ന പാർലമെന്റ് മന്ദിരത്തിൽ ലോക്സഭയിൽ 552 ഇരിപ്പിടവും രാജ്യസഭയിൽ 250



സീറ്റുകളുമാണുള്ളത്. ഇരു സഭകളും ഒന്നിച്ചു സമ്മേൽക്കുന്ന സെൻട്രൽ ഹാളിൽ 788 സീറ്റുകളെങ്കിലും വേണ്ടതാണ്. പക്ഷേ, 436 സീറ്റുകളേയുള്ളൂ.

ജനസംഖ്യ വർധിക്കുന്നതിന് ആനുപാതികമായി ലോക്സഭാ, രാജ്യസഭാ സീറ്റുകൾ വർധിപ്പിക്കേണ്ടതാണ്. എന്നാൽ ഇരുസഭകളിലും വേണ്ടത്ര ഇരിപ്പിടങ്ങൾ ഇല്ലാത്തതിനാൽ പാർലമെന്റ് അംഗങ്ങളുടെ എണ്ണം വർധിപ്പിക്കാനാവാത്ത അവസ്ഥയിലാണു രാജ്യം.

പുതിയ മന്ദിരത്തിൽ ലോക്സഭയിൽ 888 സീറ്റുകളും രാജ്യസഭയിൽ 384 സീറ്റുകളുമുണ്ട്. ഇരുസഭകളും ഒന്നിച്ചു സമ്മേളിക്കാനുള്ള സെൻട്രൽ ഹാളിൽ 1272 സീറ്റുകളാണു സജ്ജമാക്കിയിരിക്കുന്നത്. മന്ത്രിമാർക്കുള്ള ഓഫീസുകളും സുരക്ഷാ, വാർത്താവിനിമയ സംവിധാനങ്ങളുമെല്ലാം പുതിയ മന്ദിരത്തിലുണ്ട്.

## ജനാധിപത്യക്കുരുതി

ജനങ്ങളുടെ പണമുപയോഗിച്ച് ആഡംബര മന്ദിരം പണിതാൽ ജനാധിപത്യമാകില്ല. ജനാധിപത്യ തെരഞ്ഞെടുപ്പു രീതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ കോടികൾ നൽകിയും ഉദ്യോഗസ്ഥരെക്കൊണ്ടു ഭീഷണിപ്പെടുത്തിച്ചും അട്ടിമറിച്ചതുപോലെ ലജ്ജാകരമായ അട്ടിമറിയാണ് ഡൽഹി സർവീസസ് അതോറിറ്റി ഓർഡിനൻസ്.

ഡൽഹി സംസ്ഥാന സർക്കാരിനു കീഴിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കാനും സ്ഥലംമാറ്റാനുമുള്ള അധികാരം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഡൽഹി സംസ്ഥാന സർക്കാരിനാണ്. ഇക്കാര്യം സുപ്രീം കോടതി അടിവരയിട്ടു പ്രഖ്യാപിച്ചത് ഈയിടെയാണ്. കോടതി ഉത്തരവിലെ മഷി ഉണങ്ങുംമുമ്പേ, ബിജെപി സർക്കാർ ആ വിധിയെ അട്ടിമറിച്ചു. ഡൽഹിയിലെ നിയമനങ്ങൾക്കും സ്ഥലംമാറ്റങ്ങൾക്കുമായി ഡൽഹി സർവീസസ് അതോറിറ്റി സ്ഥാപിച്ചുകൊണ്ട് ഓർഡിനൻസ് പുറത്തിറക്കി. ഡൽഹി മുഖ്യമന്ത്രിയും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള രണ്ട് ഉദ്യോഗസ്ഥരും അടങ്ങുന്നതാണു സമിതി. നിയമനം, സ്ഥലംമാറ്റ അധികാരങ്ങൾ കേന്ദ്ര സർക്കാരിന്റെ കൈകളിൽ ഭദ്രമാക്കുന്ന നിയമം. ഭിന്നാഭിപ്രായമുണ്ടെങ്കിൽ ഗവർണർക്കു തീരുമാനമെടുക്കാമെന്ന വ്യവസ്ഥയുമുണ്ട്. ഭരണ ചക്രം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ കൈകളിൽ ഭദ്രമെന്നു സാരം. അതേ, തെരഞ്ഞെടുക്കപ്പെട്ട കേജരിവാൾ സർക്കാരിന്റെ കൈകളിൽ കോടതി ഏൽപിച്ച ചെങ്കോൽ തട്ടിപ്പറിച്ചെടുത്തിരിക്കുന്നു.

ജനാധിപത്യ വിരുദ്ധമായ ഈ നടപടിയെ ജനാധിപത്യ വിശ്വാസികൾക്ക് അംഗീകരിക്കാനാവില്ല. ബിജെപി സർക്കാരിനെതിരായ പ്രതിപക്ഷ ഐക്യത്തിനു മോദി സർക്കാരിന്റെ ഈ നടപടിയും ഊർജമാകുകയാണ്.

## മങ്ങുന്ന മോദി

മോദിയുടെ മോടി മങ്ങുന്നു. കർണാടകത്തിലെ റോഡ് ഷോകളിൽ മോദിക്കു പുഷ്പവൃഷ്ടിയാക്കിയ കാവിപ്പൂക്കൾ ജനം വോട്ടെടുപ്പിലൂടെ തൂത്തെറിഞ്ഞു. വിദ്വേഷം ആളിക്കത്തിക്കുന്ന വെറുപ്പിന്റെ രാഷ്ട്രീയത്തെ ഭരണത്തിൽനിന്നു പുറത്താക്കിയപ്പോൾ തെന്നിന്ത്യയിൽ ബിജെപിക്കു ഭരണവിലാസം ഇല്ലാതായി.

കർണാടകത്തിലെ ബിജെപിയുടെ അഴിമതിവാഴ്ചയും പ്രധാനമന്ത്രി നരേന്ദ്രമോദി നയിച്ച തെരഞ്ഞെടുപ്പു പ്രചാരണങ്ങളിലെ വർഗീയ വിദ്വേഷങ്ങളും പ്രീണനവുമെല്ലാം ജനം തിരസ്കരിച്ചു.

## കുതിരക്കച്ചവടം

അഞ്ചു വർഷം മുമ്പ് ജനവിധിയെ അട്ടിമറിച്ചു കുതിരക്കച്ചവടത്തിലൂടെ ഭരണം പിടിച്ച ബിജെപിയെ ജനം മൂലയ്ക്കിരുത്തി. 224 അംഗ നിയമസഭയിലേക്ക് 135 അംഗങ്ങളുമായി കോൺഗ്രസ് ഭരണം. ബിജെപി 66 സീറ്റിലേക്ക് ഒതുങ്ങി. ജനതാദൾ എസിനു വെറും 19 സീറ്റ്. 2018 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് (80 സീറ്റ്) - ജനതാദൾ എസ് (37 സീറ്റ്)സഖ്യം 117 പേരുടെ പിന്തുണയുമായി അധികാരത്തിലെത്തിയതായിരുന്നു. അന്നു ബിജെപിക്കു ലഭിച്ച സീറ്റുകൾ 104 മാത്രം. ഒറ്റ വർഷത്തിനകം കോൺഗ്രസിൽനിന്നും ജെഡി-എ സിൽനിന്നും 17 എംഎൽഎമാരാണ് ബിജെപി അടർത്തിയെടുത്തത്. അധികാരക്കൊതിയന്മാരായ 14 കോൺഗ്രസ് എംഎൽഎമാരും മൂന്നു ജെഡിഎസ് എംഎൽഎമാരേയും കൂറുമാറ്റി ബിജെപി ഭരണം പിടിച്ചെടുത്തു. എംഎൽഎമാരെ കോടികൾ നൽകി വിലയ്ക്കെടുത്തും സിബിഐ, എൻഫോഴ്സ്മെന്റ് തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങളെക്കൊണ്ടു ഭീഷണിപ്പെടുത്തി വരുതിയിലാക്കിയും ഭരണ അട്ടി



മറികൾക്കു തുടക്കം കുറിച്ചത് കർണാടകത്തിലാണ്. തുടർന്ന് മധ്യപ്രദേശിലും ഗോവയിലും മഹാരാഷ്ട്രയിലും മറ്റുമെല്ലാം ഈ രീതി ബിജെപി വിജയകരമായി നടപ്പാക്കി.

## പൂവെറിഞ്ഞു, വോട്ടില്ല

പ്രധാനമന്ത്രി നരേന്ദ്രമോദി എന്ന ഒറ്റയാളെ മുന്നിൽ നിർത്തിയാണ് ബിജെപി കർണാടകത്തിൽ തെരഞ്ഞെടുപ്പു പ്രചാരണം നയിച്ചത്. മോദിയുടെ വ്യക്തിപ്രഭാവം ഗംഭീര വിജയവും ഭരണത്തുടർച്ചയും ഉറപ്പാക്കുമെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. കർണാടകത്തിലെ പ്രചാരണത്തിനു ചുക്കാൻ പിടിച്ചതു മോദിതന്നെയായിരുന്നു. പക്ഷേ, ഫലം വന്നപ്പോൾ മോദിയുടെ മോടി മങ്ങിപ്പോയെന്നു ബോധ്യമായി. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ പ്രതിച്ഛായ കൂടുതൽ തിളങ്ങി.



കർണാടകത്തിൽ തമ്പടിച്ചു പ്രചാരണം നയിച്ച പ്രധാനമന്ത്രി നരേന്ദ്രമോദിയെ ചെണ്ടുമല്ലിപ്പൂക്കളെറിഞ്ഞ് വാഴ്ത്തിയതെല്ലാം വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞിരുന്നു. എന്നാൽ പോളിംഗ് ബൂത്തിൽ വോട്ടർമാർ വോട്ടുകൊണ്ട് ബിജെപിയുടെ വിദ്വേഷങ്ങളെ തൂത്തുവാരി ദൂരെയെറിഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി ബിജെപിയുടെ 42 മഹാറാലികളിൽ പങ്കെടുത്തെങ്കിലും ജയിച്ചത് 21 മണ്ഡലങ്ങളിൽ മാത്രമാണ്. അമ്പതു ശതമാനമാണു വിജയ നിരക്ക്. കേന്ദ്ര മന്ത്രി അമിതഷാ 36 റാലികളിൽ പ്രസംഗിച്ചെങ്കിലും ജയിച്ചതു 11 മണ്ഡലങ്ങളിൽ മാത്രമായിരുന്നു. സ്ട്രൈക്ക് റേറ്റ് 36.7 ശതമാനം. പ്രചാരണത്തിന് എത്തിയ നേതാക്കളിൽ കൂടുതൽ സ്ട്രൈക്ക് റേറ്റ് രാഹുൽ ഗാന്ധിക്കാണ്. രാഹുലിന്റെ റാലികൾ നടന്ന 22 മണ്ഡലങ്ങളിൽ 16 ഇടങ്ങളിലും കോൺഗ്രസ് ജയിച്ചു. സ്ട്രൈക്ക് റേറ്റ് 72 ശതമാനം.

## പ്രതിപക്ഷ ഐക്യം

ദേശീയ രാഷ്ട്രീയത്തിൽ സുപ്രധാന സൂചനകളാണ് കർണാടകത്തിലെ കോൺഗ്രസ് വിജയം നൽകുന്നത്. പ്രതിപക്ഷ ഐക്യത്തിനു നേതൃത്വം നൽകാൻ കോൺഗ്രസിനു കൂടുതൽ കരുത്തു പകരുന്ന വിജയമാണിത്. അടുത്ത വർഷം ഏപ്രിൽ, മേയ്

മാസങ്ങളിലായി നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള സെമിഫൈനലുകളിലൊന്നാണ് കർണാടക തെരഞ്ഞെടുപ്പ്. ഈ വർഷം മൂന്നു സംസ്ഥാനങ്ങളിൽകൂടി നിയമസഭാ തെരഞ്ഞെടുപ്പു നടക്കാനിരിക്കുകയാണ്. കോൺഗ്രസിൽനിന്ന് കുതിരക്കച്ചവടത്തിലൂടെ ബിജെപി ഭരണം അട്ടിമറിച്ചെടുത്ത മധ്യപ്രദേശ്, കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാൻ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാന നിയമസഭകളിലേക്കാണു തെരഞ്ഞെടുപ്പു നടക്കാനിരിക്കുന്നത്.

കോൺഗ്രസിനോട് അകലം പാലിച്ചിരുന്ന തൃണമൂൽ കോൺഗ്രസ്, ആം ആദ്മി പാർട്ടി തുടങ്ങിയ പാർട്ടികൾ കോൺഗ്രസുമായി ഐക്യം വേണമെന്ന നിലപാടിലേക്കു ചുവടു മാറ്റിയിട്ടുണ്ട്. മായാവതിയുടെ ബഹുജൻ സമാജ് പാർട്ടിയും തെലുങ്കാന മുഖ്യമന്ത്രി സി. ചന്ദ്രശേഖര റാവുവിന്റെ ഭാരത് രാഷ്ട്രസമിതിയും അടക്കം ചുരുക്കം ചില പാർട്ടികൾകൂടി പ്രതിപക്ഷ ഐക്യത്തിനു തയാറാകുമോയെന്നു കണ്ടറിയണം. ഭിന്നിച്ചു നിൽക്കുന്ന പ്രതിപക്ഷമാണു ബിജെപിയുടെ വിജയരഹസ്യം.

കർണാടകയിൽ സാധാരണക്കാരുടെ ശക്തി വിജയിച്ചെന്നും വെറുപ്പിന്റെ ചന്തയിൽ സ്നേഹത്തിന്റെ കട തുറന്നെന്നുമാണു കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി പ്രതികരിച്ചത്.

## മണിപ്പൂരിലെ വംശഹത്യ

മണിപ്പൂരിൽ ബിജെപി ഭരണകൂടം ഒരുക്കിയ കലാപം ഒരു പാഠമാണ്. അറുപതോളം പേർ കൊല്ലപ്പെട്ടു. അഞ്ഞൂറോളം പേർക്കു പരിക്കേറ്റു. 1,700 വീടുകളും 121 ദേവാലയങ്ങളും തകർക്കുകയും കത്തിക്കുകയും ചെയ്തു. അനേകായിരം കുടുംബങ്ങൾ പലായനം ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളിൽ നാൽപത്തയ്യായിരത്തോളം പേരാണ്. നാൽപതു ശതമാനത്തോളം വരുന്ന ഗോത്രവർഗക്കാരും ക്രിസ്ത്യാനികളുമായ ജനങ്ങളെ ഉന്മൂലനം ചെയ്യാൻ സർക്കാർ സ്പോൺസർ ചെയ്ത കലാപം. പോലീസ് കലാപകാരികൾക്കു കൂട്ടുനിന്നു. അക്രമികൾക്കെതിരേ കേസെടുക്കാതെ ഇരകൾക്കെതിരേയാണു കേസെടുത്തത്.

ഭൂസർവേ നടത്തി ഗോത്രവർഗക്കാരെ പുറത്താക്കാനും ഭൂരിപക്ഷ ഹിന്ദു സമുദായമായ മൈതെയ് വിഭാഗത്തിനു ഗോത്രവർഗ പദവി നൽകി വനമേഖലയിലും ഭൂമി സ്വന്തമാക്കാനും സംവരണ ആനുകൂല്യങ്ങൾ നേടാനുമുള്ള നിയമങ്ങൾ ബിജെപി സർക്കാർ നടപ്പാക്കിയതാണ് കലാപത്തിനു വഴിവച്ചത്. അതുകൊണ്ടാണ് ബിജെപി സർക്കാരിന്റെ വംശീയ ഉന്മൂലന ശ്രമമെന്ന വ്യാഖ്യാനമുണ്ടായത്.



എല്ലാം കത്തിച്ചശേഷം 'ശാന്തി' സന്ദേശവുമായി മണിപ്പൂരിലേക്ക് ഒരു കേന്ദ്രമന്ത്രി ഉല്ലാസയാത്ര നടത്തിയാൽ ഉണങ്ങുന്നത്രയും നിസാരമായ വ്യണമല്ല മണിപ്പൂരിലുണ്ടാക്കി വച്ചിരിക്കുന്നത്. വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും വിഭജനത്തിന്റെയും ഭാഷ മാത്രം അറിയുന്നവരിൽനിന്ന് മറിച്ചൊന്നും പ്രതീക്ഷിക്കാനില്ല.

●



# ജനഗണങ്ങളുടെ മനസിനു കൂട്ടായി...

## ജനഗണമന..!

**ഇന്ത്യയിലെ ഏതു കുട്ടികളും ഏറ്റുപാടുന്ന ദേശീയഗാനം. എപ്പോൾ കേട്ടാലും നമ്മുടെ രാജ്യമെന്ന വികാരം മനസിൽ ഉണർത്തുന്ന വരികളും ഈണവും. എത്രതവണ കേട്ടുവെന്നോ, ഏറ്റുപാടിയെന്നോ തിട്ടപ്പെടുത്താനാവാത്ത മഹദ്ഗാനം. ജനഗണമന ഒരു ഹിന്ദി സിനിമാ പാട്ടിനു പ്രചോദനമായിട്ടുണ്ട്. സന്ദർഭവും ഭാവവും അർഥവുമെല്ലാം വ്യത്യസ്തമാണെങ്കിലും ആ പാട്ട് പലയിടത്തും ദേശീയഗാനത്തിന്റെ ഈണത്തെ ഓർമിപ്പിക്കും....**




**തേജശ്രീ**

ഇത് എവിടെയോ കേട്ടിട്ടുണ്ടല്ലോ എന്നു തോന്നും ചില പാട്ടുകൾ കേൾക്കുമ്പോൾ. ചിലപ്പോൾ ഒറ്റനിമിഷംകൊണ്ട് ഓർമവരും, മറ്റുചിലപ്പോൾ ഏത് ഏത് എന്നു ശങ്കിച്ചുകൊണ്ടേയിരിക്കും. ഒരേ ഈണം വിവിധ ഭാഷകളിൽ കേട്ടതാകാം.., വേറൊരാളുടെ സംഗീതം അതേപടി മറ്റൊരാൾ പകർത്തി പുതിയ പാട്ടുണ്ടാക്കിയതാവാം.., അതുമല്ലെങ്കിൽ ഏതെങ്കിലുമൊരു ഈണത്തിൽനിന്ന് സംഗീതസംവിധായകൻ പ്രചോദനം ഉൾക്കൊണ്ടതാവാം... ഏഴുസ്വരങ്ങളല്ലേയുള്ളൂ, ഈണങ്ങൾക്കു സാമ്യമുണ്ടാകുക സ്വാഭാവികം എന്നു പറയുന്നവരുണ്ട്. സാമ്യം ഉണ്ടാകട്ടെ, പാട്ട് ഒരു സുന്ദരാനുഭവം ആകണമെന്നു മാത്രം.

ഇതാ, ഒരു ഹിന്ദി പാട്ടു കേൾക്കുമ്പോൾ പതിയെപ്പതിയെ ദേശീയഗാനം ഓർമവന്നാലോ?! സംശയിക്കേണ്ട, അങ്ങനെയൊരു പാട്ടുണ്ട്.

## എസ്.ഡി. ബർമൻ

ഹിന്ദി സിനിമാഗാന ചരിത്രത്തിലെ പകരംവയ്ക്കാനില്ലാത്ത മഹാ സംഗീതജ്ഞനാണ് സച്ചിൻ ദേവ് ബർമൻ. ഈണങ്ങൾ കൊണ്ട് മായാജാലം കാണിച്ചയാൾ. അദ്ദേഹത്തിന് ദേശീയഗാനം ഒരു പാട്ടിന്റെ ഈണത്തിനു പ്രചോദനമായിട്ടുണ്ടെന്നത് യാദൃച്ഛികം. എസ്.ഡി. ബർമൻ ദേശീയഗാനത്തെപ്പോലും വെറുതെവിട്ടിട്ടില്ല- ഒരിക്കൽ ഒരഭിമുഖത്തിൽ ഗായകൻ അമിത് കുമാർ (കിഷോർ കുമാറിന്റെ മകൻ) തമാശയായി നിറയ്ക്കുന്നത്. അമിത് കുമാറിന്റെയോ മറ്റാരുടെയുമോ വെറും തോന്നലല്ല അത്. എസ്.ഡി. ബർമൻ സ്വയം ആ പ്രചോദനത്തെക്കുറിച്ച് തുറന്നു പറഞ്ഞു ഒരിക്കൽ. ഗാനരചയിതാവ് പുളക് ബന്ദോപാധ്യായയുമായുള്ള സംഭാഷണത്തിനിടെയാണ് ദേശീയഗാനം ആ പാട്ടിനെ എങ്ങനെ സ്വാധീനിച്ചു എന്ന് എസ്.ഡി. ബർമൻ പറഞ്ഞത്. ഒരുപക്ഷേ അദ്ദേഹത്തിനു മാത്രം സാധ്യമാകുന്ന വിനയത്തിന്റെ ഭാഷയിലായിരുന്നു ആ വെളി



പറഞ്ഞു. ദേശീയഗാനത്തിലെ പഞ്ചാബ് സിന്ധ് ഗുജറാത്ത് മറാത്താ എന്ന ഭാഗത്തിന്റെ ഈണം സച്ചിൻദായുടെ ഒരു പാട്ടിനെ എങ്ങനെ സ്വാധീനിച്ചു എന്നോർമിക്കുകയായിരുന്നു അമിത് കുമാർ.

നീണ്ട അറുപതു വർഷങ്ങൾ കഴിഞ്ഞു ആ ഗാനം ഇറങ്ങിയിട്ട്. ഗുരുദത്തിന്റെ പ്രശസ്തമായ പ്യാസാ എന്ന സിനിമയിലെ ജാനേ വോ കേസേ എന്നുതുടങ്ങുന്ന പാട്ടാണത്. അതിന്റെ രണ്ടാമത്തെ വരിയിൽ ഹംനേ തോ ജബ് കലിയാ മാംഗീ എന്ന ഭാഗത്തെ ഈണമാണ് ജനഗണമനയെ മനസിൽ പ്പെടുത്തൽ. പാട്ടിന്റെ ഭാവത്തെയും സന്ദർഭത്തെയും ഒരുവിധത്തിലും ബാധിക്കാത്ത രീതിയിലാണ് ആ ഈണം അതിൽ ഇണങ്ങിച്ചേർന്നിരിക്കുന്നത്.

## എനിക്കുള്ള പാട്ടെവിടെ?

എസ്.ഡി. ബർമൻ ഗായകൻ ഹേമന്ദ് കുമാറിന് ഒരിക്കൽ ഒരു വാക്കുനൽകിയിരുന്നു - എല്ലാക്കൊല്ലവും തന്റെ ഒരു പാട്ടെങ്കിലും പാടാൻ ഹേമന്ദിന് അവസരം നൽകാം എന്ന്. 1957ൽ അക്കാര്യം ഹേമന്ദ് കുമാറിന്

വിനയപൂർവം ബർമനെ ഓർമിപ്പിക്കേണ്ടിവന്നു, എനിക്കുള്ള പാട്ടെവിടെ എന്ന്. അതിനുശേഷമാണ് പ്യാസായിലെ ഈ പാട്ട് ഹേമന്ദ് കുമാറിനെ തേടിയെത്തുന്നത്. അല്ലെങ്കിലും അതു പാടാൻ ഏറ്റവും മികച്ചയാൾ ഹേമന്ദ് തന്നെയായിരുന്നു. വേദനനിറയ്ക്കുന്ന, എളുപ്പം ഉടഞ്ഞുതകരുന്ന ആലാപനം. ആലാപനത്തിലെ ബംഗാളി ചുവയെ ശബ്ദത്തിന്റെ ആഴംകൊണ്ടാണ് ഹേമന്ദ് കുമാർ മറികടന്നിരുന്നത്.

രബീന്ദ്രസംഗീതവുമായി അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയബന്ധം പാട്ടിന്റെ വികാരവുമായി ആ ശബ്ദത്തെ അതിസൂക്ഷ്മം വിളക്കിച്ചേർത്തു.

പങ്കജ് മല്ലിക്, ദേബബ്രത ബിശ്വാസ്, സാഗർ സെൻ എന്നിവർക്കൊപ്പംനിന്ന രബീന്ദ്രസംഗീതാനുയായി ആയിരുന്നു ഹേമന്ദ് കുമാർ. വാക്കുകളും അർഥവും സംശയത്തിന്റെ തെല്ലുമില്ലാത്തവിധം ഉൾക്കൊണ്ടാലേ ആ സംഗീതത്തിലൂടെ വഴിനടക്കാൻ പറ്റൂ.



ഇവിടെ ജാനേ വോ കേസേ-യ്ക്കുവേണ്ടി സാഹിർ ലുധിയാൻവി എന്തൊക്കെയെഴുതിയോ, അതത്രയും ഹേമന്ദ് കുമാർ ഹൃദയത്തിലേക്കാവാഹിച്ചു. മനോഹരമായ കവിതയാണ് ലുധിയാൻവി എഴുതിയിരിക്കുന്നത്. ഓ, പഴയ ഹിന്ദി പാട്ടല്ലേ, കേട്ടിട്ട് എന്തു കിട്ടാൻ എന്നു കരുതുന്നവർ ഒരിക്കലെങ്കിലും ചെവികൊടുക്കണം.

## ബിലാവൽ രാഗം

ഇന്നു കേൾക്കുന്ന തട്ടുപൊളിപ്പൻ സംഗീതം സംവിധായകൻ ഗുരുദത്തിന്റെ ഭ്രാന്തൻ സ്വപ്നങ്ങളിൽപ്പോലും ഒരിക്കലും വന്നിട്ടുണ്ടാകില്ല. തന്റെ ചിത്രങ്ങളിലെ പാട്ടുകളുടെ പശ്ചാത്തലത്തിൽ ഏറ്റവും കുറച്ചു സംഗീതോപകരണങ്ങൾ മതി എന്ന തീരുമാനം പ്യാസായുടെ സമയത്തും ഗുരു ദത്ത് തുടർന്നു. ജാനേ വോ കേസേ എന്ന പാട്ട് സംഗീതോപകരണങ്ങളുടെ അവതരണം പോലുമില്ലാതെയാണ് തുടങ്ങുന്നത്. പശ്ചാത്തലത്തിൽ പിയാനോ നോട്ടുകൾമാത്രമാണ് പ്രാധാന്യത്തോടെ കേൾക്കുക. പിന്നെയുള്ളത് മറ്റേതാനും ഉപകരണങ്ങളുടെ നനുത്ത സാന്നിധ്യംമാത്രം. ജനഗണമന ചിട്ടപ്പെടുത്തിയിരിക്കുന്ന ബിലാവൽ രാഗംതന്നെയാണ് ഈ പാട്ടിന്റെയും അടിസ്ഥാനം. പുലർകാലരാഗമായ ബിലാവൽ ആഴത്തിലുള്ള ഭക്തിയും വിശ്വാസവും പ്രകടമാക്കുന്നതാണ്. ജനഗണമന ഉണർത്തുന്ന ദേശഭക്തി പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ പാട്ടിൽ വിശ്വാസവും വിഷാദവും കലരുന്നു - അതേ ആഴത്തിൽ.

കടുത്ത ദുഃഖത്തിന്റെ വേളയിലും ചുണ്ടിൽ ഒരു ചെറുചിരിയോടെ പാടുന്ന നായകൻ ഗുരു ദത്ത് തന്നെയാണ് സ്ക്രീനിൽ.

ഹിന്ദിയിലെ ക്ലാസിക്കുകളുടെ ഗണത്തിൽ പെടുത്താവുന്ന പ്യാസായ്ക്ക് ഒരു സവിശേഷതകൂടിയുണ്ട്. ഈ പാട്ടിനുശേഷം എസ്.ഡി. ബർമനും സാഹിർ ലുധിയാൻവിയും ഒന്നിച്ചിട്ടില്ല. തന്റെ വരികളുടെ മഹിമയാണ് പ്യാസായിലെ പാട്ടുകളെ മികച്ചതാക്കിയതെന്ന് ഒരിക്കൽ ലുധിയാൻവി പറഞ്ഞു. അതുമാത്രമാണ് മികവിന്റെ പിന്നിലെന്ന് സമ്മതിക്കാൻ എസ്.ഡി. ബർമൻ തയാറല്ലായിരുന്നു. അങ്ങനെ, ഹിന്ദി ചലച്ചിത്രസംഗീതത്തിലെ എക്കാലത്തെയും മികച്ചൊരു കൂട്ട് അവിടെ പിരിഞ്ഞു.

ചരിത്രം പിറക്കുന്നതും സഞ്ചരിക്കുന്നതും എങ്ങനെയൊക്കെ എന്നു ചിന്തിക്കുമ്പോൾ മിഴിച്ചുനിൽക്കുകയേ തരമുള്ളൂ. പാട്ടുകേട്ടു വിസ്മയിക്കുക, സമ്മർദ്ദങ്ങളോടു ദൂരെപ്പോകൂ എന്നു പറയുക.. അത്രയുമേ നമുക്കു ചെയ്യാനുള്ളൂ...

# സഹ്യനോളം തലയെടുപ്പോടെ



**പ്രൊഫ. എം.കെ. സാനുമാസ്റ്ററുമായി സി.ജി. അശോകൻ നടത്തിയ അഭിമുഖം.**

ലാളിത്വമാർന്ന ജീവിതമെന്ന കൈപുസ്തകം... സൗമ്വമായ പെരുമാറ്റം... അതിലെഴുതിയ സ്നേഹാക്ഷരങ്ങൾ... വിശേഷണങ്ങൾക്ക് അതീതനായ സാനു മാസ്റ്റർക്കൊപ്പം എന്നും ഇതത്രയും കൂട്ടുണ്ടായിരുന്നു. 96–ാം വയസ്സിലും ചിന്തയിൽ കാഴ്ചക്കുറവില്ലാതെ, സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി ഇടപ്പെടുന്നതിന്റെ അടിത്തറയും ഇതെല്ലാമാകുന്നു. ജാതി – മത – കക്ഷി രാഷ്ട്രീയത്തിന് അതീതമായ ബന്ധമാണ് അദ്ദേഹം സമൂഹവുമായി പുലർത്തിപോരുന്നത്.

**പ്രസംഗത്തിലും എഴുത്തിലും, സ്ഫുടം ചെയ്തെടുത്ത അസാധാരണ വൈഭവമാർന്ന ശൈലിക്കുടമയാണ് കേരളത്തിലെ അധ്വാപകരുടെ അധ്വാപകനായ ഈ ചെറിയ വലിയ മനുഷ്വൻ. മഷിപ്പച്ച മാസികക്കു വേണ്ടി അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ..**

# എഴുത്തുവഴിയിൽ ഏഴരപ്പതിറ്റാണ്ട്

**1. കേരളത്തിലെ ഏറ്റവും തലമുതിർന്ന എഴുത്തുകാരനാണല്ലോ താങ്കൾ. മാഷിന്റെ ബാല്യകാല അനുഭവങ്ങൾ.. കുടുംബാന്തരീക്ഷം. അന്നത്തെ ഗ്രാമജീവിതം വിവരിക്കാമോ ?**

1928 ഒക്ടോബർ 27നു ആലപ്പുഴയിലെ തുമ്പോളിയിൽ സമ്പന്നമായ കൂട്ടുകുടുംബത്തിലാണ് ഞാൻ ജനിച്ചത്. അകാലത്തിലെ അച്ഛന്റെ മരണം. അതോടെ ബാല്യം ദാരിദ്ര്യത്തിന്റെയും നിസ്സഹായതയുടെയും നിഴലിലായി. അതിന്റെ കയ്പുനീർ കുടിച്ചാണ് യൗവ്വനം പിന്നിട്ട് സാഹിത്യ സാസ്കാരിക മണ്ഡലത്തിൽ നിറഞ്ഞത്. നാലു വർഷത്തോളം സ്കൂൾ അദ്ധ്യാപകൻ. പിന്നീട് വിവിധ ഗവണ്മെന്റ് കോളേജുകളിൽ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടു. 1983ൽ അദ്ധ്യാപനത്തിൽ നിന്ന് വിരമിച്ചു. സ്ഥാപകാധ്യക്ഷനായിരുന്ന മഹാകവി വൈലോപ്പിള്ളിയെ തുടർന്ന് 1986ൽ പുരോഗമന സാഹിത്യസംഘം പ്രസിഡണ്ടായി. 1987ൽ എറണാകുളം നിയമസഭാമണ്ഡലത്തിൽ നിന്നും ഇടതുപക്ഷ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ചു.



സാഹിത്യം ഞാൻ ആസ്വദിച്ചു തുടങ്ങുന്നത് പുരോഗമന സാഹിത്യ പ്രസ്ഥാനം വളർന്ന് നില്ക്കുമ്പോഴാണ്. എഴുത്തച്ഛന്റെയും ആശാന്റെയും ക്ലാസ്സിക്ക് കൃതികൾ അതിനുമുമ്പ് തന്നെ ഞാൻ വായിച്ചു തുടങ്ങിയിരുന്നു. പുരോഗമ സാഹിത്യത്തിന്റെ പ്രത്യേകത ചുറ്റുപാടുകളെ യഥാതഥമായി, തനിമ നഷ്ടപ്പെടാതെ ചിത്രീകരിക്കുക എന്നതാണ്.. സാഹിത്യത്തിലെ റിയലിസം.. കഥാസാഹിത്യത്തിൽ അതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങൾ തകഴി, കേശവദേവ്, എസ് കെ പൊറ്റക്കാട് , ബഷീർ, പൊൻകുന്നം വർക്കി തുടങ്ങിയ എഴുത്തുകാരുടെ കൃതികളായിരുന്നു. കവിതയിൽ ഏറ്റവും അധികം പ്രശസ്തിയും പ്രതിഭയും പ്രസരിപ്പിച്ചത് ചങ്ങമ്പുഴയായിരുന്നു.

ചങ്ങമ്പുഴയുടെ കൃതികൾ ആറുകിലോമീറ്റർ അധികം സൈക്കിൾ ചവുട്ടി പോയി പകർത്തിയെഴുതി കൊണ്ടുവന്നാണ് ഞാൻ വായിച്ചിരുന്നത് .

**2.എഴുത്തിലേക്ക് തിരിയാനുണ്ടായ സാഹചര്യം ? എഴുത്തിന് തുടക്കം ?**

നിരന്തരമായ വായന സ്വാഭാവികമായി എഴുത്തിലേക്ക് വഴി തിരിച്ചു വിട്ടു .ജന്മനാ ഉള്ള ശീലവും ഉണ്ടായിരിക്കാം.

**3. പഠനകാലത്തെ സഹപാഠികൾ , അധ്യാപകർ..**

സർക്കാർ വിദ്യാലയത്തിലാണ് ഞാൻ പഠിച്ചിരുന്നത്. ആലപ്പുഴ എസ് ഡി കോളേജിൽ യൂണിയൻ ചെയർമാൻ ആയിരുന്നു. ഇടതുപക്ഷം വലിയ ശക്തിയായിരുന്നു ക്യാമ്പസിൽ. അവർക്കെതിരെ ഞാനടങ്ങിയ പാനൽ യൂണിയൻ തിരഞ്ഞെടുപ്പിൽ മത്സരിച്ചു . ചെയർമാനായി . എന്റെ പാനലിൽ മറ്റാരും ജയിച്ചില്ല . മുൻ മുഖ്യമന്ത്രി സി . അച്യുതമേനോന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കെ ഗോവിന്ദപ്പിള്ള , ആർ എസ്പി നേതാവ് എൻ . ശ്രീകണ്ഠൻ നായരുടെ ഭാര്യാ പിതാവായ കെ . കെ കുമാരപിള്ള തുടങ്ങിയവരെല്ലാമാണ് അന്ന് ക്യാമ്പസിലെ ഇടത് നേതാക്കൾ . ഇന്ത്യ റിപ്പബ്ലിക് ആയ ദിവസം(1950 ജനുവരി 26) ഇട

തുപക്ഷം സമരം പ്രഖ്യാപിച്ചു . എന്നോട് സഹകരിക്കണമെന്ന് പറഞ്ഞു . സഹകരിക്കില്ലെന്ന് ഞാൻ. കാരണം ഇന്ത്യ റിപ്പബ്ലിക് ആകണമെന്നും ഭരണഘടന ഉണ്ടാകണമെന്നും ഏറെ ആഗ്രഹിച്ച ആളാണ് ഞാൻ.

**4. വലിയ ശിഷ്യഗണം സൗഹൃദയ വലയം**

നീണ്ട നിരയാണ് ശിഷ്യഗണത്തിന്റേത് മഹാരാജാസിൽ എ കെ ആൻറണി ,വയലാർ രവി , മമ്മൂട്ടി , ജോൺ പോൾ തുടങ്ങിയ പട്ടിക വളരെ നീണ്ടതാണ്. എനിക്ക് കോവിഡ് ബാധിച്ചു കിടപ്പിലായപ്പോൾ എ കെ ആൻറണി രണ്ടു തവണ വിളിച്ചു. മമ്മൂട്ടിയും വിളിച്ചു . ശിഷ്യനല്ലെങ്കിലും മുഖ്യമന്ത്രി പിണറായി വിജയൻ സുഖ വിവരങ്ങൾ അന്വേഷിച്ചു .

**5.സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് അറസ്റ്റിലായി. അന്നത്തെ അനുഭവങ്ങൾ വിവരിക്കാമോ?**

സ്വാതന്ത്ര്യസമരം കൊടുമ്പിരി കൊണ്ടിരുന്ന കാലഘട്ടമായിരുന്നു. ഭാരതമാതാ കീ ജയ് എന്ന് വിളിച്ചതിനാണ് അറസ്റ്റ് ചെയ്തത്. ജയിലിൽ കിടന്നിട്ടില്ല.

**6. സ്വാധീനിച്ച അധ്യാപകർ അവരുടെ സവിശേഷതകൾ ..**

സ്കൂൾതലത്തിൽ ആണെങ്കിൽ മൂന്ന് അധ്യാപകർ എന്നെ കൂടുതലായി സ്വാധീനിച്ചിട്ടുണ്ട്. ഇംഗ്ലീഷും ബയോളജിയും പഠിപ്പിച്ചിരുന്ന രാമസ്വാമി അയ്യർ, ഫിസിക്സ് പഠിപ്പിച്ചിരുന്ന

കുഞ്ചറിയ, മലയാളം പഠിപ്പിച്ചിരുന്ന രാമസ്വാമി അയ്യർ.

**7.പ്രസംഗവേദികളിലേക്ക് വരുന്നത് എപ്പോഴാണ്?**

പ്രസംഗം ഞാൻ പരിശീലിച്ചിട്ടേയില്ല . അതൊരു നിമിത്തത്തിലൂടെ തുടങ്ങിയതാണ് .1947 ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച ഘട്ടം. നാട്ടുരാജ്യങ്ങളെയെല്ലാം രാജ്യത്തോട് ചേർത്തു കൊണ്ടിരിക്കുന്നു .

സ്വതന്ത്ര രാജ്യമായി നിൽക്കാനാണ് തിരുവിതാംകൂറിന്റെ തീരുമാനം . സിപി രാമസ്വാമിഅയ്യർ ആണ് അന്നത്തെ ദിവാൻ . ഞാനടക്കമുള്ള പലരും അതിനെതിരായിരുന്നു . ഇന്ത്യൻ യൂണിയനിൽ ചേരണം എന്നായിരുന്നു ഞങ്ങളുടെ നിലപാട്.



ആ നിലപാടിനെ അനുകൂലിക്കുന്നവരിൽ പ്രബലനായി മുൻ മുഖ്യമന്ത്രി ആർ ശങ്കറും ഉണ്ടായിരുന്നു . അന്ന് എസ്എൻഡിപി യോഗത്തിന്റെ പരമാധികാരിയായിരുന്ന അദ്ദേഹം എല്ലാ ശാഖകളിലും പൊതുയോഗം വിളിച്ചു പ്രമേയം പാസ്സാക്കിച്ചു. ആലപ്പുഴ തുമ്പോളിയിലെ ഞങ്ങളുടെ ശാഖയിലും പൊതുയോഗം ചേർന്നു. ഞങ്ങൾക്കും സംസാരിക്കാൻ അവസരം വേണമെന്ന് അധ്യക്ഷൻ കുറിപ്പ് നൽകി . രമേശൻ എന്ന സുഹൃത്താണ് സംസാരിക്കാമെന്ന് ഏറ്റത് . എന്നാൽ പേര് വിളിച്ചപ്പോൾ രമേശൻ പിൻവലിഞ്ഞു. എല്ലാവരും ചേർന്ന്

എന്നെ മുന്നിലേക്ക് തള്ളിയിട്ടു. അങ്ങനെയാണ് ആദ്യത്തെ പ്രസംഗം. നന്നായി സംസാരിച്ചിരുന്നുവെന്ന് മറ്റുള്ളവർ പറഞ്ഞു . അതൊരു തുടക്കമായിരുന്നു. .

**8. മുണ്ടശ്ശേരി , കുറ്റിപ്പുഴ, പൊൻകുന്നം വർക്കി , ബഷീർ, കേശവദേവ് എന്നിവരുമൊത്തുള്ള ആത്മബന്ധം പറയാമോ ?**

വൈക്കം മുഹമ്മദ് ബഷീറിന്റെ നേതൃത്വത്തിലുള്ള വലിയ സൗഹൃദവലയം. എറണാകുളം മേനകക്കടുത്തുള്ള സായാഹ്ന സംഗമങ്ങൾ. പ്രസ് ക്ലബ് റോഡിൽ ബഷീർ ബുക്ക്സ്റ്റാളിൽ ഇരുന്നുള്ള സ്വറ പറച്ചിൽ . ബഷീർ , സി.ജെ തോമസ് ,പി കെ ബാലകൃഷ്ണൻ, പെരുന്ന തോമസ് ,തുടങ്ങി എത്രയോ പേർ അന്നത്തെ സൗഹൃദങ്ങൾ ആഴമുള്ളതായിരുന്നു .



മഷിപ്പച്ച പത്രാധിപർ സി ആർ രാജൻ സാനു മാസ്റ്റർക്കൊപ്പം.

**9. ആലപ്പുഴയിൽ താങ്കളുടെ അച്ഛൻ നടത്തിയിരുന്ന തുണിക്കട അന്നത്തെ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരുടെ സംഗമസ്ഥാനം കൂടിയായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. അത് മാഷേ എത്രകണ്ട് സ്വാധീനിച്ചിട്ടുണ്ട് ?**

അച്ഛന്റെ ജൗളിക്കട അന്നത്തെ ആലപ്പുഴയിലെ സാംസ്കാരിക പ്രവർത്തകരുടെ കൂട്ടായ്മക്കുള്ള ഇടമായിരുന്നു. പക്ഷേ എന്നെ അത് കാര്യമായി സ്വാധീനിച്ചിട്ടില്ല.

**10. എം കെ സാനു മാസ്റ്റർ , വി.ആർ കൃഷ്ണയ്യർ, ഡോ. സി കെ രാമചന്ദ്രൻ ഈ സൗഹൃദം ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. യഥാർത്ഥത്തിൽ സൗഹൃദത്തിന്റെ അന്ത:സത്ത എന്തായിരുന്നു?**

നിരന്തരം നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയുള്ള കൂട്ടായ്മയിൽ വി.ആർ. കൃഷ്ണയ്യരും ഞാനും ഒത്തുചേർന്നിരുന്നു. കൂടാതെ ആത്മഹത്യ കുറ്റകരമാക്കരുതെന്നും വധശിക്ഷ ഒഴിവാക്കണമെന്നുള്ളതും ഞങ്ങളുടെ പൊതുവായുള്ള കാഴ്ചപ്പാട് ആയിരുന്നു.

**11. എല്ലാ മതങ്ങളും മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയാണ് ഉത്ഭവിച്ചിട്ടുള്ളത്. ഇന്ന് പക്ഷേ മതങ്ങളെല്ലാം സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്നു. മറ്റു മതങ്ങളോട് സഹിഷ്ണുത കുറഞ്ഞു വരികയും ആണ് .. മതവിശ്വാസത്തെ കൂടുതൽ വർഗീയവൽക്കരിക്കയാണ്. ഇത്തരം ഒരു അവസ്ഥയിൽ പ്രതികരിക്കേണ്ട സാഹിത്യ സാംസ്കാരിക പ്രവർത്തകർ മൗനം പാലിക്കുന്നു.**

മൗനമായി ഇരിക്കുന്നതിനും ഒരു പരിധിയുണ്ട്. അങ്ങേയറ്റം കഴിയുമ്പോൾ ആണ് ഏത് വിഷയമായാലും ഞാൻ പ്രതികരിക്കാറുള്ളത്. അടിയന്തരാവസ്ഥക്കാലത്ത് പ്രസംഗിക്കാൻ പോയത് അത്തരം ഒരു മൗനലംഘനം ആയിരുന്നു. ജാതിമതഭേദങ്ങൾക്ക് അപ്പുറം മനുഷ്യനെയാണ് ശ്രീനാരായണ ഗുരു കണ്ടത്. എന്നാൽ ഗുരുവിന്റെ ദർശനങ്ങളെ ഗുരുവിന്റെ പേരിലുള്ള സംഘടനയിലെ ചിലർ കാണാതിരുന്നപ്പോഴും ഞാൻ പ്രതികരിച്ചിട്ടുണ്ട് . മരണം വരെ മൗനമായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല: അദ്ദേഹം പറഞ്ഞു.

**12. എഴുത്തിൽ നിന്നാണോ പ്രഭാഷണത്തിൽ നിന്നാണോ കൂടുതൽ ആത്മസംതൃപ്തി ലഭിച്ചിരുന്നത്..**

എഴുത്തിൽ നിന്നും പ്രഭാഷണത്തിൽ നിന്നും അധ്യാപനത്തിൽ നിന്നും എനിക്ക് സംതൃപ്തി ലഭിച്ചിട്ടുണ്ട്. എന്നാൽ ഞാൻ ഏറ്റ

വും ഇഷ്ടപ്പെടുന്നത് ഒരുപാട് പേർക്ക് അറിവ് പകർന്നു കൊടുക്കുവാൻ കഴിയുന്ന അധ്യാപകവൃത്തി തന്നെയാണ്.

**13 ജീവചരിത്രങ്ങൾ രചിക്കുമ്പോൾ മാഷിന്റെ തൂലികയുടെ സൗന്ദര്യവും വശ്യതയും കൂടുതൽ പ്രകടമാകുന്നു. ജീവിതത്തെ ഇത്ര കൃത്യമായി എങ്ങനെയാണ് മാഷ് വാക്കുകളിൽ വരച്ചിടുന്നത് ?**

ചോദ്യത്തിന് ശാന്തമായ ഒരു പുഞ്ചിരി ആയിരുന്നു അദ്ദേഹത്തിന്റെ മറുപടി. 'ഇത്രയും കാലം ജീവിച്ചിരിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയതല്ല. ജീവിച്ച കാലത്ത് വല്ലതുമൊക്കെ സമൂഹത്തിനുവേണ്ടി ചെയ്യാൻ ശ്രമിച്ചിരുന്നു എന്നാണ് എന്റെ വിശ്വാസം . അതുകൊണ്ടുതന്നെ ഒരുപാട് പേരുടെ സ്നേഹവും കരുതലും ഒക്കെ ലഭിച്ചത് വലിയ ഭാഗ്യമായി എന്ന് കരുതുന്നു . ഭൂമി



യിലെ ജീവിച്ച വർഷങ്ങളിൽ ഏറ്റവും പ്രിയപ്പെട്ടത് ഏതാണെന്ന് ചോദിച്ചാൽ അത് ഞാൻ അധ്യാപകനായിരുന്ന കാലമാണ് . ഇരുപതാം വയസ്സിൽ അധ്യാപകനായി. 40 വർഷത്തോളം പഠിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളതിൽപരം ഭാഗ്യവും സന്തോഷവും മറ്റൊന്നുമില്ല . മനസ്സിനും ആത്മാവിനും സന്തോഷം നൽകുന്ന കാലഘട്ടം .

എറണാകുളം മഹാരാജാസ് കോളെജിലെ അധ്യാപന കാലഘട്ടത്തെ അദ്ദേഹം ഇങ്ങനെ വിലയിരുത്തി.

**14. 80 ഓളം കൃതികൾ മാഷ് രചിച്ചതായി അറിയുന്നു രചനകളെ കുറിച്ച് സ്വയം വിലയിരുത്തുമ്പോൾ**

മലയാള സാഹിത്യ നിരൂപണ രംഗത്ത് ഒരുകാലഘട്ടത്തിൽ ശ്രദ്ധേയരായ സുകുമാർ അഴിക്കോട്, എം. ലീലാവതി, എം എൻ വിജയൻ, എൻ.വി കൃഷ്ണവാര്യർ എന്നിവർക്കൊപ്പം നിലയുറപ്പിക്കാനായി എന്ന് ഞാൻ കരുതുന്നു. ഒട്ടുമിക്ക എഴുത്തുകാരുടെയും കൃതികൾ വായിച്ച് അവലോകനം നടത്തുന്നതിന് എനിക്ക് സാധിച്ചിട്ടുണ്ട്. എന്റെ സ്വതസിദ്ധമായ

ശൈലിയിൽ കാര്യങ്ങളെ അനാവരണം ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടുണ്ട് . ആ പ്രത്യേകത തന്നെയാകാം നിരൂപണ രംഗത്തെ ഒറ്റയാനാക്കി എന്നെ നിർത്തുന്നതും.

അധ്യാപനത്തിന്റെ അച്ചടക്കവും വിമർശനത്തിന്റെ ക്രാന്തദർശിതയും ഇണങ്ങിച്ചേർന്നതാണ് എന്റെ നിരൂപണങ്ങൾ എന്നാണ് എന്നെ വിലയിരുത്തുന്നവർ പറയുന്നത്. ഇരുളും വെളിച്ചവും, രാജവീഥി, ചുമരിലെ ചിത്രങ്ങൾ, പ്രഭാതദർശനം, അവധാരണം എന്നിവയാണ് എന്റെ പ്രധാന നിരൂപണ ഗ്രന്ഥങ്ങൾ. രാജവീഥിയിലെ നാടകത്തെക്കുറിച്ചുള്ള വിമർശനപ്രബന്ധങ്ങൾ ഗൗരവപൂർണമായ പരിഗണന അർഹിക്കുന്നതാണ്. എന്നാൽ സാഹിത്യത്തിലെ വിവാദപരമായ കാര്യങ്ങളെക്കുറിച്ചും ശ്രദ്ധേയമായ സാഹിതീയ പ്രശ്നങ്ങളെ കുറിച്ചുമുള്ള നിരൂപണങ്ങളാണ് അവധാരണത്തിൽ സമാഹരിച്ചിരിക്കുന്നത്. 'ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി. ഇത് വിമർശനത്തിനും ജീവചരിത്രത്തിനും ഇടയ്ക്ക് നിൽക്കുന്ന ഗ്രന്ഥമാണ്. ചങ്ങമ്പുഴയുടെ സങ്കീർണമായ വ്യക്തിത്വവും ജീവിതവും കോർത്തിണക്കി രചിച്ചതാണ്.

ഉള്ളൂരിന്റെയും വള്ളത്തോളിന്റേയും കാവ്യങ്ങളെക്കാൾ എന്നെ ഏറെ സ്വാധീനിച്ചത് കുമാരനാശാന്റെ കൃതികൾ ആണ്.

പല പ്രമുഖ എഴുത്തുകാരുടെയും ജീവചരിത്രവും എഴുതിയിട്ടുണ്ട്. വിമർശനം വ്യാഖ്യാനം ബാലസാഹിത്യം തുടങ്ങി വിവിധ സാഹിത്യ ശാഖകളിലായി 80 ഓളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**15. മാഷ് ഇപ്പോൾ 96 വയസ്സിന്റെ നിറവിലാണ്. തിരിഞ്ഞു നോക്കുമ്പോൾ ജീവിതത്തെ എങ്ങനെ വിലയിരുത്തുന്നു. ഏ**

**റ്റവും വലിയ നേട്ടം എന്താണ് ?**

മറ്റുള്ളവർക്ക് വേണ്ടി എന്തെങ്കിലും സേവനങ്ങൾ ചെയ്യാൻ ഒരു അവസരം ലഭിക്കുക എന്നുള്ളതു തന്നെയാണ് ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം.

**16 .മറക്കാനാവാത്ത അനവധി സംഭവങ്ങൾ കാണുമല്ലോ. അതിൽ നിന്നും മനസ്സിൽ ഏറെ സ്പർശിച്ചത് .? അധ്യാപകനെന്ന നിലയിൽ ഏറ്റവും ആത്മസംതൃപ്തി തോന്നിയ നിമിഷം**

വിദ്യാർത്ഥികളുടെ സ്നേഹം തിരിച്ചറിഞ്ഞ ഒരുപാട് സന്ദർഭങ്ങളുണ്ട് . അതിലൊന്ന് പറയാം . സ്കൂളിൽ ഞാൻ പഠിപ്പിച്ചിരുന്നത് സയൻസ് ആയിരുന്നു . എന്റെ നവതി ആഘോഷിച്ച കാലത്ത് കൊച്ചി കാരിക്കാമുറിയിലെ വീട്ടിലേക്ക് ഒരാൾ എത്തി. നരച്ച താടിയും മീശയും നീട്ടി വളർത്തിയ മുടിയും. അയാൾ ചോദിച്ചു 'സാർ എന്നെ അറിയാമോ ?ഞാൻ തിരികെ ചോദിച്ചു: അയ്യരല്ലേ? പെട്ടെന്നുള്ള എന്റെ മറുചോദ്യം അയാളെ അത്ഭുതപ്പെടുത്തി. ഞാൻ സ്കൂളിൽ പഠിപ്പിച്ച കുട്ടിയാണ് പേര് രാമചന്ദ്ര അയ്യർ. അയാൾ യുഎസ്സിൽ ഒരു ശാസ്ത്ര മാസികയുടെ എഡിറ്റർ ആണ്. വലിയ പ്രബന്ധങ്ങളെല്ലാം അവതരിപ്പിക്കാറുണ്ട്. അതു വലിയ നേട്ടം ആണല്ലോ എന്ന് ഞാൻ പറഞ്ഞപ്പോൾ അയാൾ പറഞ്ഞു- എന്റെ നേട്ടത്തിന് കാരണം സാറാണ്. ഐസക് ന്യൂട്ടനെ കുറിച്ചും ഗലീലിയെ കുറിച്ചും എല്ലാം സർ പഠിപ്പിക്കുമ്പോൾ അവരുടെ ജീവചരിത്രം കൂടി പറഞ്ഞു തരാറുണ്ടായിരുന്നു. അത് എന്നെ വല്ലാതെ പ്രചോദിപ്പിച്ചു. അങ്ങനെ ഞാൻ ശാസ്ത്രത്തിൽ തൽപരനായി. ഈ നിലയിൽ എത്തി. നാട്ടിൽ അവധിക്ക് വന്നപ്പോൾ പത്രത്തിൽ എന്റെ നവതി ആഘോഷങ്ങളെ കുറിച്ച് വായിച്ചിരുന്നു. എന്നെ കാണണമെന്ന് തോന്നി. അങ്ങനെയാണ് അയാൾ വന്നത് .

**17. മാഷ് എപ്പോൾ സംസാരിക്കുമ്പോഴും ഒരു മണൽത്തരിയോളം ചെറുതാണ് ഞാൻ എന്ന് പറയാറുണ്ട് . കേരളത്തിന്റെ സാംസ്കാരിക രംഗത്തും ധൈഷണിക രംഗത്തും ഏറ്റവും ഉയർന്നു നിൽക്കുന്ന മാഷ്ക്ക് ഈ എളിമ തോന്നാൻ കാരണം.**

ഞാൻ എന്നും സ്വയം കരുതുന്നത് അങ്ങനെ തന്നെയാണ്. ഈ പ്രപഞ്ചത്തിലെ ഒരു ചെറിയ മണൽത്തരി പോലെ നിസ്സാരനാണ് ഞാൻ.

**18.ആദ്യ നോവലായ 'കുന്തീദേവിയെ ' പറ്റി....**

ഞാൻ ആദ്യമായി എഴുതിയ നോവലാണ് കുന്തീദേവി. മഹാഭാരതത്തിൽ എനിക്കിഷ്ടപ്പെട്ട കഥാപാത്രവും കുന്തിതന്നെ.

കർണ്ണനും എനിക്ക് ഇഷ്ടപ്പെട്ട കഥാപാത്രം തന്നെ.

**19.എഴുത്തുവഴിയിലെ പുതിയ തലമുറകളോട് പറയാനുള്ളത് ?**

എഴുതുന്നതിന് ആവശ്യമായ അറിവ് പൂർ



സാനുമാസ്റ്ററോടൊപ്പം സി ജി അശോകൻ

വ്വ സാഹിത്യകൃതികളിൽ നിന്നും വായിച്ചു നേടേണ്ടതാണ്. വായനയുടെ വിശാല ലോകത്തിലേക്ക് കടന്നുചെന്ന്, അറിവിന്റെ വാതായനങ്ങൾ തുറന്നിടുക. എന്നിട്ട് മാത്രം തൂലിക കയ്യിലെടുക്കുക.

**20. ഇടതുപക്ഷ ചിന്തകനെന്ന രീതിയിലുള്ള രാഷ്ട്രീയ പ്രവേശം... എംഎൽഎ ആയതിന്റെ ഓർമ്മ**

രാഷ്ട്രീയത്തിലേക്ക് വരാൻ ഇടയായത് പുകസ പ്രസിഡണ്ട് ആയിരുന്ന കാലത്താണ് .1987 ൽ കാലാവധി അവസാനിച്ച സർക്കാരിന്റെ ഭരണത്തെക്കുറിച്ച് എനിക്ക് വ്യക്തിപരമായ പല എതിരഭിപ്രായങ്ങളും ഉ

ണ്ടായിരുന്നു. എൽഡിഎഫ് സാംസ്കാരിക രംഗത്തെ പ്രമുഖരെയും സ്ഥാനാർത്ഥികളാക്കുമെന്ന് ഇ എം എസ് പ്രഖ്യാപിച്ചു . എറണാകുളം മണ്ഡലത്തിൽ എന്നോട് മത്സരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഞാൻ ആദ്യം തയ്യാറായില്ല. 'ഞങ്ങൾ തോൽക്കണം എന്ന് മാഷ് എന്തായാലും ആഗ്രഹിക്കുന്നില്ലല്ലോ. അതിനാൽ പരമാവധി സഹായിക്കണം 'എന്ന് ഇഎംഎസ് പറഞ്ഞു. എനിക്ക് അർത്ഥം മനസ്സിലായി. കോഴിക്കോട് ഒരു പ്രസംഗത്തിന് പോയി തിരിച്ചെത്തുമ്പോഴേക്കും ചുമരുകളിൽ എല്ലാം എന്റെ പേര് നിറഞ്ഞിരുന്നു . പിന്നെ എനിക്ക് പിന്മാറാൻ കഴിഞ്ഞില്ല . തെരഞ്ഞെടുപ്പ് വിജയം എന്റെ സ്നേഹത്തിനുള്ള ജനങ്ങളുടെ മറുപടിയായാണ് ഞാൻ കാണുന്നത്.

നിയമസഭയിലും ഇരുമുന്നണികളിലെയും അംഗങ്ങളുമായി ഒരേപോലെ സൗഹൃദം പുലർത്താൻ എനിക്ക് സാധിച്ചു.

**21 ലഭ്യമായ അംഗീകാരങ്ങൾ.. പുരസ്കാരങ്ങൾ?**

കേരള സാഹിത്യ അക്കാദമി ചെയർമാൻ, കേരള സർവകലാശാല ശ്രീനാരായണ സ്റ്റഡി സെന്റർ ഡയറക്ടർ എന്നീ നിലകളിൽ പ്രവൃത്തിച്ചിട്ടുണ്ട്. സ്വിറ്റ്സർലൻഡ് , ബെൽജിയം , അയർലൻഡ് ,ഇംഗ്ലണ്ട് , യുഎഇ ,ഒമാൻ ,ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു .കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് , അബുദാബി അവാർഡ് , പികെ പരമേശ്വരൻ നായർ സ്മാരക അവാർഡ്, എഴുത്തച്ഛൻ അവാർഡ് തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**22. തിരിഞ്ഞു നോക്കുമ്പോൾ പിന്നിട്ട സ്വജീവിതത്തെക്കുറിച്ച് എന്ത് തോന്നുന്നു.?**

മനസ്സിലെ അലിവാണ് നമ്മളെ നമ്മളാക്കുക. എറണാകുളം ജില്ലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള സ്കൂളിൽ ഞാൻ സഹകരിക്കുന്നുണ്ട് . അവരുടെ പ്രശ്നങ്ങളെ കുറിച്ച് അറിഞ്ഞ് മൂന്നുവർഷം അവർക്കൊപ്പം പ്രവർത്തിച്ചു. ജില്ലയിൽ ഒരിടത്ത് അവർക്കായി ഒരു വിദ്യാലയം ആരംഭിക്കാർ ഞാൻ പ്രചോദനമായി. അതിന്റെ രക്ഷാധികാരിയായി. അവർ പരിശീലിക്കുന്ന കൂട്ടത്തിൽ പങ്കെടുത്തു. അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി. എല്ലാവർക്കും എന്നോട് വലിയ സ്നേഹമായിരുന്നു. അവരോട് തിരിച്ചും. ഞാൻ എട്ടാം ക്ലാസിൽ വച്ച് കടലാസിൽ എഴുതിയത് പോലെ 'അന്യജീവനുതകി സജീവിതം ധന്യമാക്കും അമലേ വിവേകികൾ ' അതിലപ്പുറം എന്ത് പറയാൻ?

സാഹിത്യ വിമർശകൻ, ജീവചരിത്രകാരൻ, അധ്യാപകൻ, പ്രഭാഷകൻ.. മലയാള സാംസ്കാരിക ലോകത്തെ ഹിമവൽസാനുവായി തലയുയർത്തി നിൽക്കുന്ന സാനുമാഷ്.. ചെറുപ്പത്തിൽ അദ്ദേഹത്തിന്റെ അച്ഛൻ മകനെക്കൊണ്ടു നിത്യവും പ്രഭാതത്തിൽ ഒരു പ്രാർഥന ചൊല്ലിക്കുമായിരുന്നു.

'അണുജീവിയിലും ഗുണമെന്നിൽ നിന്നുളവാകാൻ തരമാകണം വിഭോ,

അണുജീവിയിലും സഹോദരപ്രണയം

ത്വൽ കൃപയാലേ തോന്നണം'

പ്രാർഥനയെ സാർത്ഥകമാക്കിയ ജീവിതം നയിച്ച സാനുവെന്ന മകൻ. മലയാളക്കരയ്ക്കാകെ പ്രിയങ്കരനായ സാനു മാസ്റ്റർ... ആലപ്പുഴയിലെ ഹൈസ്കൂളിൽ സാനു എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു ദിവസം അധ്യാപകൻ കുട്ടികളോടു പറഞ്ഞു. 'നിങ്ങൾക്ക് ആരാകാനാണ് ആഗ്രഹമെന്ന് ഒരു കടലാസിൽ എഴുതിനൽകൂ.' കടലാസുകൾ പരിശോധിച്ച് അധ്യാപകൻ പറഞ്ഞു, 'ഇവിടെ ഒരാൾക്ക് എന്താകണമെന്ന് ഒരു പിടിയുമില്ല. ഡോക്ടറും കലക്ടറുമൊന്നുമാകേണ്ട. കവിതയാണ് എഴുതിവച്ചിരിക്കുന്നത്.' അധ്യാപകൻ കവിത ഉറക്കെ വായിച്ചു, കുമാരനാശാന്റെ കവിതയിലെ വരികൾ:

'അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ.'

ദിവാകരൻ നളിനിയോടു പറഞ്ഞ വാക്കുകൾ കടലാസിലെഴുതിയതു സാനുവായിരുന്നു.

എൺപതോളം പുസ്തകങ്ങളെഴുതി, സ്കൂളിലും കോളജിലും അധ്യാപകനായി, പ്രഭാഷകനായി, സാഹിത്യ നിരൂപകനായി, സാംസ്കാരിക ജീവകാരുണ്യ പ്രവർത്തകനായി... എല്ലാവർക്കും ഉപകാരിയായി. എട്ടാം ക്ലാസിൽ കടലാസിൽ എഴുതിവച്ചതെന്തോ? അക്ഷരാർഥത്തിൽ അതായിത്തീർന്നു സഹ്യനോളം തലയെടുപ്പോടെ ഉയർന്ന് നിൽക്കുന്ന ഗുരുശ്രേഷ്ഠൻ.

മലയാള സാഹിത്യ ലോകത്ത് നവതിയുടെ നിറവിലും തലയെടുപ്പോടെ ഇന്നും പ്രസരിപ്പോടെ നിൽക്കുന്ന അദ്ദേഹത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ഞങ്ങൾ പടിയിറങ്ങി. ●

# ജീവഗാഥ




സുരേന്ദ്രൻ മങ്ങാട്ട്

മലയാള നോവൽ സാഹിത്യത്തിൽ പ്രമേയത്തിലെ വ്യത്യസ്തത കൊണ്ടും ആഖ്യാന മികവുകൊണ്ടും വേറിട്ട് നിൽക്കുന്ന കൃതിയാണ് ജീവഗാഥ.

കെ.അരവിന്ദാക്ഷന്റെ ഏറ്റവും മികച്ച നോവലെന്ന് ഈ കൃതിയെ നിസ്സംശയം വിലയിരുത്താം.

അകംപൊള്ളുന്ന, തീവ്രമായ കാമാസക്തിക്കടിമപ്പെട്ട് ബുദ്ധവിഹാരം വിട്ടിറങ്ങിയ ബുദ്ധസന്യാസിയാകാൻ ശ്രമിച്ച സുധിനന്റെ ജീവിതകഥയാണ് നോവലിലൂടെ ചുരുൾ നിവരുന്നത്.. ഉടലിന്റെ കാമനകളിൽ അഗ്നിയാകുന്ന കാമം,സുധിനന്റെ മനസ്സിനെ മലിനമാക്കുന്ന ജ്വരം, പെണ്ണുടലിന്റെ ആസക്തിയിൽ സംഘർഷഭരിതമാകുന്നു സുധിനന്റെ ജീവിതം.




ദുഃഖം ശൂന്യത, അനിത്യത ഇവയുടെ സത്യം തേടി തന്റെ തന്നെ ഉള്ളിലൂടെ ആത്മീയ സഞ്ചാരം നടത്താൻ അയാൾക്ക് ആകുന്നില്ല.

ധർമഭ്രംശം..... ധ്യാനമോ നിഷ്ഠകളോ ധർമ്മ പ്രബോധനങ്ങളോ അയാളിലെ പ്രലോഭനങ്ങളുടെ തിരകളെ അടക്കാൻ കഴിഞ്ഞിരുന്നില്ല.

സ്വപ്നങ്ങളും കാഴ്ചകളും കാമമോഹത്തിന് അടിമപ്പെട്ടപ്പോൾ സുധിനൻ കാമത്തിൽ കുതിർന്നലിയാൻ ആശ്രമം വിട്ടു പോരുകയായിരുന്നു. കാമാഗ്നിയിൽ സ്വയം ചുട്ടുപൊള്ളുമ്പോൾ, ഒരു വേള ജീവിതത്തിന്റെ ആഴങ്ങളിലേക്ക് നോക്കുവാൻ പ്രകൃതി തന്നെ അവനെ പഠിപ്പിച്ചു. ഇന്ദ്രിയങ്ങൾ, മനസ്സ്,അവയുടെ നിയന്ത്രണം, സംയമനം എല്ലാം അകലെ നിന്ന് മാത്രമേ സുധിനൻ കണ്ടറിഞ്ഞിരുന്നുള്ളൂ. ധർമ്മ സങ്കല്പങ്ങളാണ് ബൗദ്ധ സിദ്ധാന്തങ്ങളുടെ അടിസ്ഥാനം.

എഴുത്തുകാരൻ പറയുന്നു, ശുദ്ധ ശൂന്യമായ കാല ബിന്ദുവിൽ കപിലവസ്തുവിലെ ശുദ്ധോദന പുത്രനായ സിദ്ധാർത്ഥൻ എന്ന മഹാഗുരു,ഗോതമ ബുദ്ധൻ തലച്ചോറിൽ ഉണർന്നു. മഹാ ഗുരുനാഥൻ അവന്റെ ശരീരമാകെ നിറഞ്ഞു...


അസ്ഥിരമായ, കാരണങ്ങളിൽ നിന്നും ഉത്പാദിപ്പിക്കപ്പെട്ട ശരീരത്തിൽ അനുഭവപ്പെട്ട, ആനന്ദം അസ്ഥിരം തന്നെയാകുന്നു. എല്ലാം അനിത്യമാകുന്നു, അതറിയുന്നവൻ ദുഃഖത്തിൽ ഉദാസീനനാകുന്നു, ദുഃഖ വിമോചിതനാകുന്നു.

കാമവും വിരക്തിയും ആസക്തിയും അനാസക്തിയും എന്തെന്നുള്ള അന്വേഷണത്തിൽ ഒട്ടേറെ ജീവിത സങ്കീർണ്ണതകളിലൂടെയാണ് സുധിനൻ കടന്നുപോകുന്നത്. നോവലിൽ നിറഞ്ഞുനിൽക്കുന്ന മഹാ ഗുരുവാണ് ഗോതമ ബുദ്ധൻ. ബുദ്ധൻ ഭിക്ഷുക്കൾക്കായുള്ള ലൈംഗിക നിയമങ്ങൾ ഉണ്ടാക്കിയത് ഭിക്ഷു സുധിനൻ ബ്രഹ്മചര്യ മര്യാദകൾ ലംഘിക്കുന്നതിൽ നിന്നാണത്രേ . ബുദ്ധവിഹാരങ്ങളിൽ ഭിക്ഷുണിമാർക്ക്(തേരികൾ )ഇടം ലഭിച്ചത് വളരെയേറെ നീണ്ട ആലോചനകൾക്ക് ശേഷം ആയിരുന്നു. പിടിച്ചുകെട്ടാനാകാത്ത മനസ്സിന്റെ കാമ മോഹങ്ങൾക്കൊപ്പം ചരിച്ച ബുദ്ധസന്യാസി യോടൊപ്പം, കെ. അരവിന്ദാക്ഷൻ ബുദ്ധദർശനങ്ങളിലൂടെയും ആത്മനിഷ്ഠമായ ആശയവാദങ്ങളിലൂടെയും ബുദ്ധകാലത്തെ സാമൂഹ്യ സാംസ്കാരിക പരിസരങ്ങളിലൂടെ, ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലൂടെ, വായനക്കാരനെ നടത്തുകയാണ്. നോവൽ രചനയിലെ അസാമാന്യ കയ്യടക്കവും അതുല്യമായ ശില്പ ഭംഗിയുമുള്ള ഈ നോവൽ മലയാള സാഹിത്യ ചരിത്രത്തിലെ സാർവ കാലികത്വമുള്ള, സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന കൃതിയാകുന്നു. ഇനിയും ഗൗരവപരമായ വായനയും ചർച്ചയും 'ജീവഗാഥ' ആവശ്യപ്പെടുന്നുണ്ട്.

# വിറയൽ



യൂസഫ് നടുവണ്ണൂർ



നിറച്ചെടുക്കുമ്പോൾ
തുളുമ്പിത്തൂവുന്നു
ബാധ കയറിയപോൽ
കൈവിരൽ വിറയ്ക്കുന്നു


വെപ്രാളത്താൽ പരക്കം പായുന്നു
വെച്ചിടത്തൊന്നും കാണുന്നില്ല
ഓർത്തുവെച്ചതെല്ലാം മറക്കുന്നു
കരുതി നടന്നിട്ടും വഴുതി വീഴുന്നു

മഴ കൊണ്ടൊരു നാളും
പനിച്ചു വിറച്ചിട്ടില്ല
മകരം മഞ്ഞുറയൂരി
ഇതുവഴിയിഴഞ്ഞു പോയിട്ടില്ല!

വരുതിയിലാക്കാൻ
പണ്ട,വളെ ചോറുണ്ണുമ്പോൾ
അരികിൽ കരയുന്ന
പൂച്ചയെ വെട്ടിയിട്ടില്ല!

എന്നിട്ടുമെന്നിട്ടും
വിറയ്ക്കുന്നു കൈ നിത്യം
മഞ്ഞിൽ പുതപ്പില്ലാതുഴലും
കാറ്റു പോലുൾക്കരുത്തെന്നും
തുള്ളിയുറയുഞ്ഞു പിടയുന്നു
മേയാപ്പുര പോൽ
ചോർന്നൊലിക്കുന്നുൾക്കണ്ണുകൾ
ഇടയോല വലിച്ചിട്ടും
താഴെക്കിറ്റിറ്റു വീഴുന്നു കെടുകാഴ്ചകൾ!

വിറയ്ക്കും കൈകൊണ്ടു ഞാൻ
അരുതെന്നു വിലക്കുന്നതറിയാ-
താംഗ്യത്താലവർ
കയ്യടിയെന്നു ധരിക്കുന്നു !





ദർശന

# കഥയില്ലാത്തൊരുവളെ വരയ്ക്കുമ്പോൾ

കവിത

മടുപ്പിന്റെ മഞ്ഞുശൈലങ്ങൾ ഉരുകിയൊലിച്ചപോലെ
വെള്ളിമേഘങ്ങൾ പരക്കുന്ന നിന്റെ ക്യാൻവാസിൽ,
കൈപ്പിടിയിൽ ഒതുങ്ങാതെ വഴുതുന്ന ബ്രഷ്.


ഉണക്കുതട്ടിയ കാടിന്റെ തീവ്രതയിലേക്ക് പച്ചച്ച ഓർമ്മകളുണർത്തി
പൊടുന്നനെ തളിർക്കാൻ തുടങ്ങുന്ന
ഒരു മരച്ചില്ല നീ വരയ്ക്കുമ്പോൾ, അവിടെയവൾ
കാലുകൾ മണ്ണിലുറഞ്ഞ് ,
തോലുരിയപ്പെട്ട വെൺതേക്കുപോലെ..
നഗ്നമായ അവളുടെ മുലത്തടങ്ങളിലേക്ക്
തിരസ്കാരത്തിന്റെ അടയാളം പോലെ
നീയൊരു മുലക്കച്ച വരച്ചു ചേർക്കുന്നു.
കൈപ്പിടിയിൽ ഒതുങ്ങാതെയിരുന്നിട്ടും ഞെരിഞ്ഞുപോയ
ജീവകോശങ്ങൾ പടുമുളകളായി തളിർത്തും ഛേദിക്കപ്പെട്ടും
ഒരു മരുപ്രദേശം പോലെ അന്നേരമത് രൂപാന്തരപ്പെടുന്നു.

എന്നിട്ടും, അവളുടെ നാഭിച്ചുഴിയിൽ നിന്നും
നീലശംഖുപുഷ്പങ്ങൾ വള്ളി വീശിപ്പടരുന്നെന്ന്
നീ സന്ദേഹിക്കുകയും അരക്കെട്ടിനെ ചുറ്റിപ്പുണർന്ന
ഒരു ലതാനികുഞ്ജത്തിൽ ഉറഞ്ഞുപോയ കാമത്തിന്റെ
വിത്തുകളെ ഒളിപ്പിച്ചു വയ്ക്കുകയും ചെയ്യുന്നു

കാറ്റുലയ്ക്കാൻ ശ്രമിക്കുന്ന മുടിയിഴകളെ മുറുക്കിക്കെട്ടിയതിൽ
കരിമ്പനക്കാടിന്റെ മുരൾച്ച പതുങ്ങുന്നുവെന്നറിഞ്ഞിട്ടും
തീഷ്ണഗന്ധമാർന്ന വെളുത്ത പൂക്കളെ തിരുകി വയ്ക്കുന്നു

ആഴങ്ങളിൽ ഉറഞ്ഞ സാഗരത്തിലേക്ക് പതുങ്ങിക്കയറുന്ന
അഗ്നിലവണങ്ങൾ പോലെ,
നിരാസത്തിന്റെ നിശ്ചലതയെ പുണരുന്ന മിഴികളിൽ
തറഞ്ഞുപോയ നോട്ടം മാറ്റുവാനാകാതെ,
നീയവളുടെ നെഞ്ചിലെ മുറിവിലേക്ക്,
അസ്തമയസൂര്യച്ചോപ്പിൽ നിന്നും പാതി തോണ്ടിയെടുത്ത്
രാക്കറുപ്പിൽ ചേർത്ത് ബ്രഷ് ആഞ്ഞു വീശുമ്പോൾ
പഴകിച്ചെമന്ന വീഞ്ഞുപോലെയത് അവളുടെ
അടിവയറ്റിലേക്ക് ഒഴുകിയിറങ്ങുന്നേരം
പാലറ്റിലെ നിറങ്ങളെല്ലാം ഉണങ്ങിപ്പോവുകയും
കൂർത്ത ബ്രഷിന്റെ മുനയാൽ അവളുടെ നിഴലിൽ
നീ നിന്റെ പേര് വരഞ്ഞിടുകയും ചെയ്യുന്നു.

# കവിതയുടെ കൈലേസുകൾ



പൂന്തോപ്പിലേക്ക് ഇടംതേടി എത്തുന്ന മനോജ്ഞകുസുമം
സുഗന്ധദ്രവ്യങ്ങളും തേൻകട്ടയും
സമൃദ്ധമായി അവൻ സംഭരിക്കുന്നു.
സമ്പൂർണ്ണാനന്ദവും തുഷാരബിന്ദുക്കളും അവൾക്കു
അലങ്കാരവും പുഷ്പഹാരവുമാണ്.
അവൾ ആർത്തുല്ലസിക്കുന്നതു പുതിയ അങ്കികൾ
ആത്മാവിനെ പുളകംകൊള്ളിക്കുന്നതുകൊണ്ടാവും
എങ്ങനെയായിരിക്കണം വാതിൽക്കൊളു
ത്തുകളും, ടവർ ബോൾട്ടും തുറക്കാതെത്തന്നെ
അവൾ മുൻവശത്ത് വന്നണയുന്നത്?
പോക്കുവെയിൽ കുരവയിടുന്നത് കേട്ടുവോ?
സത്യം പറയാതിരിക്കുന്നതെങ്ങനെ?
സംസാരിച്ചുതുടങ്ങുമ്പോൾ അവൾ ആർദ്ര
ഹൃദയയായത് വിശ്വസിക്കാതിരിപ്പതെങ്ങനെ?
മനോപരവശത പരമാർത്ഥസിദ്ധമായിരിക്കാതിരിക്കില്ല.
അവൾ ക്ഷണവേഗം അത്യുച്ചം വിളിച്ചുചോദിക്കുന്നു.
അവൻ വിളികേൾക്കുകയോ, തിരിഞ്ഞുനോക്കുകയോ ചെയ്യുന്നില്ല.
കാവൽക്കാർ നഗരത്തിൽ ചുറ്റിയടിക്കുമ്പോൾ
നിരപരാധിയായ അവനെ അവർ കണ്ടുവോ?
നിരന്തരം മുറിവേൽപ്പിക്കുകയും, അങ്കികൾ
കവർന്നെടുക്കുകയും ചെയ്തിരിക്കുമോ?
അവൻ നിദ്രാഭാരത്താൽ, വീണു നിലംപതിച്ചിരിക്കുമോ.
അവളോ, അരുണതുല്യം തേജോമയയായിരുന്നില്ലേ?
അവന്റെ ഉൾമിഴികൾ അരുവിതീരത്തെ
ഇണപ്രാവുകൾക്കു സമം.
സുഗന്ധദ്രവ്യങ്ങൾ പൂത്തുനില്ക്കുന്ന കണ്ണിമകൾ.
പരിമളം ചുറ്റിയടിക്കുന്ന, സമീരണനാദം.
എവിടെനിന്നാണ് കാഹളനാദം മുഴങ്ങുന്നത്?
ശീതോഷ്ണപൂരിതമായ ഉടുവസ്ത്രം നനഞ്ഞുകുതിർന്നുവോ?
അഗാധ മധുരമായ ചെറുതേൻ വചസ്സുകൾ!
ഇന്ദ്രനീലിമ പതിച്ചിരിക്കുന്ന ദന്തനിരകൾ!
പല്ലുകൾ പിഴുതെടുത്തു പോയിരിക്കുന്നു.
അവൻ അഭികാവ്യഭാജനം!
എന്നാൽ പ്രാണപ്രിയൻ നിദ്രാഭംഗം മൂലം വെന്ത് ഉരുകുന്നു.
പ്രിയതമ സുഗന്ധതടാകമായ സ്വർഗം പൂകിയിരുക്കുന്നു.
കണ്ണീർക്കണം, കൺതടങ്ങളിലും, ഉൾ
ത്തടങ്ങളിലും അവനെവന്ന് പൊതിയുന്നു.



വി.പി. ജോൺസ്

•

കവിത

# വരവും കാത്ത്



സരസ്വതി. കെ.എം.

ചാഞ്ഞ മരച്ചില്ല മെല്ലയാ നെറ്റിയിൽ
പാടല സിന്ദൂരം ചാർത്തീടവേ ..
താഴ്മയോടൊന്നു ചിരിച്ചു ,
വിരിച്ചിട്ട. പീതാംബരത്താലതു  മറച്ചു.
വാതിൽപ്പടി ചാരി നീളും വഴിക്കണ്ണി
ലായിരം സ്വപ്നങ്ങൾ നീയൊളിച്ചു..

നീളുന്ന കാർമിഴിക്കോണിൽ നിറയുന്ന
നീരാഭ പെയ്യുവാനോങ്ങി നിൽക്കെ ,
നീളെയി രാപ്പാടി പാടുന്ന രാഗത്തിലേതോ
മഴക്കാറ് മൂളി നിൽക്കേ ...
ദൂരേ മറയുന്ന കാന്തന്റെയുൾത്തടം
ദുഷ്കൃതമെന്നോർത്തു നിർന്നിമേഷം...
ചേതോഹരം നിന്റെയോമൽ കവിൾത്തടം
നീറുന്ന വേദന ചോന്നു നിൽക്കേ ...

നീല നിറാച്ചേല ചുറ്റിയ ചന്ദ്രിക
പൂനിലാത്തോണി തുഴഞ്ഞെത്തവേ
താഴേ  മരച്ചോട്ടിലാർദ്ര സ്മൃതികളിൽ
ചെമ്പകം പൂത്തു, ചിരികൾ കൂമ്പി ...
ആനന്ദരാഗമൊഴുകുന്ന തെന്നലിൽ
ആരേയിലഞ്ഞിപ്പൂ കോർത്തു വെച്ചു ?

ആയിരം താരകൾ കണ്ണു ചിമ്മീടവേ
ആകാശ ഗംഗയിൽ നീരാടുവാൻ
ആമന്ദമങ്ങു  മുഖം കുനിച്ചെത്തുന്ന
ആമ്പലിന്നാരെ  തെരഞ്ഞിടുന്നു. ?
ഓർമത്തിരകളാലുള്ളം നനയുന്നതീ -
വഴിത്താരയിൽ നിലാവ് പെയ്കേ ..

നാളെ നീ പൊന്നാട ചുറ്റി വലം വെയ്ക്കാ
നീ ,വഴി വന്നെത്തുമെന്നു മാത്രം.!
നാളെത്ര പോകിലും നമ്മൾ പരസ്പരം
രാവിന്റെ കൈയാൽ പകുത്തു മാറ്റേ ....
ഓരത്തു നിൽക്കുമീയിറൻ മിഴികളിലോ -
ർമതൻ വാസന്തം മങ്ങി നിൽക്കെ ...
ഓടി വന്നെന്നെ പുണരുന്ന മാത്രയിൽ
ഓമൽച്ചിരിയായ് തളിർത്തുനിൽക്കാൻ !



കവിത

# ഇരുണ്ട വെളിച്ചം



നടത്തത്തിന് തന്നെ
കാലു കഴയ്ക്കാൻ തുടങ്ങിയിട്ട്
കുറച്ചധികം നാളുകളായി

പ്രകൃതമാകെ ഇരുട്ടാണ്.
അല്ല. കറുപ്പ്.
കറുപ്പിന് വല്ലാത്ത കറുപ്പാണ്.
വട്ട് പറയുന്നതാണെന്ന് വിചാരിക്കല്ലേ..
കാര്യം ഉള്ളത് തന്നെ.

ഈ അലസമായ കാൽവെപ്പുകൾക്ക്
പ്രകാശമോ പ്രതീക്ഷയോ
കണ്ടുമുട്ടിയിരുന്നെങ്കിൽ...

ഇടയ്ക്കെപ്പഴോ ഒരു
ആട്ടിൻ കരച്ചിൽ ഒച്ചയുണ്ടാക്കി.
നജീബിന്റെ കഥകൾ പറഞ്ഞുതന്നു.
കറുപ്പ് മനുഷ്യനെ - കാർന്ന്
തിന്നുതാണെന്ന് പറയാൻ തോന്നി.

നീല വെളിച്ചത്തിലെ
കന്യകയും വന്നിരുന്നു.
കടൽ കണ്ടു തീർത്ത്
മരുഭൂ കാണാനിറങ്ങിയതത്രെ.

അല്ല. വരേണ്ടതിവരാരുമല്ല.
പാവങ്ങളിലെ മെത്രാനോ മറ്റും
ഉള്ളം പറഞ്ഞൊപ്പിച്ചു.

കന്യകയുടെ ശരീരത്തിലൂടെ
തെണ്ടിയലഞ്ഞത്
കടലിന്റെയൊരംശം
ദേഹത്തുണ്ടോന്നറിയാനായിരുന്നു.
ഇരുട്ട് കയറിയടഞ്ഞ
കണ്ഠത്തിലൂടെ
അവയ്ക്ക് ആർത്തിയോടെ
വഴിയൊരുക്കാൻ വേണ്ടി

കടലീന്നിറങ്ങിയവളിൽ
നീലിമയുണ്ടായിരുന്നു.
മരുഭൂ താണ്ടിയപ്പോൾ
ബഷീറിന് ബദലായി
ഞാനിരുണ്ട വെളിച്ചമെഴുതി.

വിശ്വചരിത്ര പുസ്തകത്തിലെ
ഇരുണ്ട വെളിച്ചത്തെ സാക്ഷിയാക്കി
ഞാൻ ഇരുണ്ടവർക്കൊപ്പം
പിറകിലാവുന്ന കാലുകളെ
മുമ്പോട്ട് വെച്ചു.



ഹാഷിർ ആലംഗോൾ



# മറക്കുമ്പോൾ

പറിച്ചുമാറ്റാനാകില്ല ഓർമ്മയുടെ
വൃക്ഷത്തിൽ നിന്നുമൊരു പൂവിനെയും...
ഒരിറ്റുചോര പൊടിയാതെയോർമ്മയിൽ
ഒരു തുള്ളി മിഴിനീർ നനക്കാതെയത്
അടർത്തിമാറ്റാനാകില്ലൊരിക്കലും ..

വേർപാടിൽ മുളപൊട്ടുന്ന വേദനയുടെ
പുറന്തോടിൽ നിന്നുമാണവയവിടെ
പൂത്തു  വിടർന്നുനിന്നിട്ടുണ്ടാകുക...
വേരുകളിൽ നിന്നും വെറുപ്പുകളുടെ
തീഷ്ണപ്രവാഹങ്ങളിൽ വെയിലുകൾ
കോരിവരയുന്ന നേരങ്ങൾ കണ്ടുകൊണ്ട് ..

പൂവിന്റെ നിഴലിൽ നിന്നുമിതളുകൾ
പറിച്ചെറിയുമ്പോൾ വസന്തമകലെ
ഇനിയും കാത്തിരിപ്പുണ്ടാകുമോ
എന്ന് ചിന്തകളിലഭയം തേടിയേക്കാം ,
പറിച്ചെറിയാനാകില്ല ഒറ്റ ചിത്രത്തിൽ
നിന്നുമനുഭവങ്ങളുടെ തീഷ്ണതയെന്നവ
പലകുറി വിരലുകളോട് പരിഭവിച്ചേക്കാം.

ഒടുവിൽ, ഒടുവിൽ മാത്രമൊരു നോവായി
കനലായി പങ്കിട്ടസ്വപ്നത്തിൽ വെന്തുനീറി,
മറവിയുടെ ഹേമന്തത്തിൽ മയങ്ങി
ഉണരുമ്പോൾ ഒരു വേർപാടിന്റെ
തോന്നലിൽ നിന്നും സൂര്യനുദിക്കുന്നതും
ഓർമ്മകളിലിരുൾ വിഴുങ്ങിയ നഷ്ടവും
ജീവിതത്തിൽ പശ്ചാത്താപത്തിന്റെ
പൊള്ളുന്ന വേനലും ബാക്കിയായേക്കാം..

അന്നുമാത്രമൊരു രാത്രിവന്നു ചേരും
കുറ്റബോധത്തിന്റെ കടും നിലാവുകളിൽ
നിദ്രയിലൊരു തുള്ളി മിഴിനീരിൽ
ചെറിയ പൂർണ്ണചന്ദ്രനുദിച്ചു നിൽക്കും.
അവപതുക്കെ ചെവിയിൽ പറയും
മറക്കുകയെന്നാൽ മരിക്കുകയെന്നാണെന്ന്.



നിബിൻ കള്ളിക്കാട്

# പഞ്ചേന്ദ്രിയങ്ങൾ



ജയപാലൻ കാര്യാട്ട്

**നി**റഭേദങ്ങൾ മറഞ്ഞ കണ്ണുകൾ
നിഴലിൻ വഴി തെന്നി കാലടി.
രുചി വൈവിധ്യമറ്റ നാവുകൾ
മൊഴിമാറ്റിയൊഴിഞ്ഞു കേസുകൾ.
മണമൊന്നായ് മറന്നു നാസിക
ശവദാഹപ്പുക നിത്യമർച്ചിതം.
പുളയും കാന്തമുടക്കി മേനിയിൽ
പുണരാതുന്തിയകറ്റി നിർദ്ദയം.
പഴികേട്ടു മടുത്തു നാൾക്കുനാൾ
കഥകേൾക്കാനറച്ചു കാതുകൾ.
വിധിപോലെ പകുത്തു നൽകിയ
കടമക്കുറിമാനമാകവേ
കുതികാൽവെട്ടിലടർന്നിതാ
ചുടുചോരക്കളമെത്ര ഭീതിദം.
അതിരൊന്നായിടിഞ്ഞു ചിന്തകൾ
അതിവേഗം പറന്നകന്നുപോയ്
ഗതിമാറാനുറച്ച സൗഹൃദം
ഗതികേടിൽ പതിഞ്ഞു ഗദ്ഗദം.
വിധിവിഹിതമലംഘനീയം
നിധിപോലെയുറച്ച പൈതൃകം.
വിധിവന്നറിവായ് ലംഘനീയം
കഥയേമാറ്റി നടന്നകന്നവർ
വിധിപോലെ പകുത്തൊരിന്ദ്രിയ-
ക്കുറിമാനം കുടഞ്ഞെറിഞ്ഞവർ!





# ചിത

വടക്കിനിയിൽ മാമ്പൂപൂത്ത
വടിവൊത്ത നാട്ടുമാവിന്റെ
ശിഖരമൊന്നു മുറിച്ചവർ
വിറകുകൊള്ളികളാക്കി

കടയ്ക്കൽ കടപുഴകി വീണവനു
കോടാലികൊണ്ടു കീറിയ
കറയിറ്റു വീഴുന്ന വിറകുകൾകൊണ്ടു
കിടക്കയൊരുക്കുന്നു മാനവർ.

ചന്ദനമുട്ടികൾ പേരിനുചേർത്ത
ചിതയിൽ ചേർക്കുന്നു രാമച്ചവും
ചുടലയെറിയുമ്പോൾ ഗമിക്കുന്നു
ചുറ്റുമകിലിൻ ഗന്ധവും.

സമൃദ്ധിയിൽ സുഖിച്ചവന്
സമയമില്ലാതെപോയി
സർവ്വം മറന്നു സന്താപരായിന്നു
സമയത്തുവന്നു കണ്ണീർ വാർക്കുന്നു.

കാലം കർന്നെടുത്ത ജീവൻ
കറുത്തചാരമായി ചിതയിലെരിയുമ്പോൾ
കടലിലൊഴുക്കുന്നു കപാലവും അസ്ഥിയും
പരേതന്റെ നിത്യ ശാന്തിക്കായി.

ചിതയെരിഞ്ഞ മണലിൽ
മുളയ്ക്കുന്നു പുതു നാമ്പുകൾ.
മറക്കുന്നു മാനവർ ചിതയിലെരിഞ്ഞ ജീവ
നെയും
കലാവൈഭവ വീഥികളിൽ എന്നേക്കുമായി.



വിനീത് വിശ്വദേവ്

# യാമങ്ങൾ



സുനിൽരാജ് സത്യ

കൺമുന്നിലെയൊരു കുന്ന്-
ആകാശം മുട്ടുവാൻ,
കൊതിക്കുന്നു

കൈകുഴഞ്ഞ വേടന്റെ-
ലക്ഷ്യം തെറ്റിയ അമ്പ്,
കുന്നിന്റെ കുഞ്ചിയിൽ പതിഞ്ഞു.

നക്ഷത്രം കണ്ണീർ പെയ്ത-
സന്ധ്യയുടെ നെറുകയിൽ നിന്നും,
സിന്ദൂരമൊഴുകി കടൽ കലങ്ങി.

കലങ്ങിയ കടൽ
കുന്നിന്റെ പാദങ്ങൾ കഴുകിപ്പടർന്നു.

നഗ്നയായ ഇന്ദുവിലേക്ക്
കറുത്തമേഘങ്ങളുടെ കളിയാട്ടം!

കത്തുന്ന പച്ചമരങ്ങൾക്ക് കീഴെ
കനി കാത്തിരിക്കുന്ന
കിനാവ് ചത്ത കൊതിപ്പക്ഷി.

വാപിളർന്ന ഉരുൾ സർപ്പത്തിലേക്ക്
ചിറകൂർന്നുപോയ യാമം!



# വിഷാദം



അശ്വതി.വി.വി

വിഷാദം കോർത്തുവലിച്ച
ഇരുണ്ടൊരു രാത്രിയിൽ

ദൂരെ മാനത്തു പെട്ടെന്നൊരു വെള്ളിടിയൊച്ച
നക്ഷത്ര ശോഭയിൽ
സ്വർണ്ണ രഥം ഇറങ്ങിവരുന്ന
ഒരത്ഭുത കാഴ്ച

അങ്ങു മലഞ്ചെരുവിനപ്പുറത്തു നിന്നും
ഒരു കാറ്റ് പറന്നുവന്നു
സുഗന്ധമലർ ചുറ്റിലും പൊതിഞ്ഞു

ഇലയടർന്നു പോയ
മരശാഖിയിലിരുന്നു
പ്രണയരാഗങ്ങൾ പാടുന്നു രാക്കിളികൾ

നോക്കിനോക്കിയിരിക്കെ
കണ്ണഞ്ചിക്കുന്ന പ്രകാശം വിതറി
ഒരു കോമളാംഗി

വജ്രകുണ്ഡലങ്ങൾ
മേനിയിലൊട്ടി കിടക്കും
സ്വർണ്ണാഭരണങ്ങൾ
നീണ്ടുകിടക്കുന്ന കാർകൂന്തൽ
നേർത്ത ആടകൾ

സ്വപ്നസുന്ദര നിമിഷങ്ങൾ
പാതിയടഞ്ഞ മിഴികളിൽ
നനുത്ത ഒരു പൂ അമരുന്നു
തണുത്ത വിരൽ സ്പർശം
ഉടലിൽ നഖചിത്രങ്ങൾ വരയ്ക്കുന്നു

വിഷാദം കോർത്തുവലിച്ച
രാത്രികൾ പിന്നേയും....







കൃഷ്ണകുമാർ മാപ്രാണം

# അപ്രത്യക്ഷമാകുന്ന ചിത്രങ്ങൾ

കുമ്മായമടർന്ന ചുമരിൽ
ആണിയിൽ തൂങ്ങികിടക്കുന്നുണ്ട്
ഫ്രെയിം ചെയ്ത ചിത്രങ്ങൾ
കറുപ്പിലും വെളുപ്പിലുമുള്ളത്

അതിൽ ചിതലരിച്ചവയുണ്ട്
മങ്ങിയവയുണ്ട്
പാണ്ടുപിടിച്ചവയുമുണ്ട്

ഒരിക്കലും കണ്ടിട്ടില്ലാത്തവരെങ്കിലും
വംശാവലിയുടെ
താഴെതട്ടുവരെയുള്ളവരുടെ
ചരിത്രമറിയാൻ ഉപകരിച്ചിരുന്നവ

ഒരിക്കൽ ജീവിതപുസ്തകത്തിലെ
താളുകളിൽ നിറം ചാലിച്ച്
പകർന്നാടിയിരുന്നവ

എത്രയെത്ര കഥകളാണ്
ഓരോ ചിത്രങ്ങളിലും
മറഞ്ഞിരിക്കുന്നത്

ഒരു ചരിത്രം മുഴുവനും
അടയാളപ്പെടുത്താൻ കഴിയുന്നവ

നിശബ്ദമെങ്കിലും
എന്തോ പറയുന്നുണ്ടെന്നു തോന്നിയിട്ടുണ്ട്
ചെന്നുനോക്കുമ്പോൾ
ചുണ്ടനങ്ങുന്നതുപോലെ

പറഞ്ഞില്ലെങ്കിലും
പലതും വായിച്ചെടുക്കാനാവുന്നുമുണ്ട്

എങ്ങോട്ട് തിരിഞ്ഞാലും
നമ്മളെ തന്നെ നോക്കികൊണ്ടിരി
ക്കുന്നതുപോലെ

നമ്മുടെ ഓരോന്നിലും
ഇടപ്പെട്ടുകൊണ്ടിരുന്നവ
ചുമരിലാണെങ്കിലും
വീട്ടിൽ ആരൊക്കെയോ
ഉണ്ടെന്നു തോന്നിച്ചിരുന്നവ

എത്രനിറം ചാർത്തിയവരാണെങ്കിലും
ഇനിയുള്ളകാലം ചുമരിൽ
തൂങ്ങാനാവാതെ അപ്രത്യക്ഷമാകും

വിലകൂടിയ നിറമടിച്ച ചുമരിൽ
ഒറ്റ ചിത്രങ്ങളും തൂങ്ങുകയില്ല
ഏതെങ്കിലും ഒരിരുണ്ട കോണിൽ
ആരുമറിയാതെ കിടക്കും

വംശാവലിയുടെ വേരുകളറിയാൻ
താല്പര്യമില്ലാത്തവരുടെ ലോകത്തിൽ
അങ്ങിനെ
നാമൊക്കെ
ആർക്കും വേണ്ടാതെ
ഒരിരുണ്ട കോണിലേയ്ക്ക്
വലിച്ചെറിയപ്പെടും




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക


**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# കുട്ടിവരകൾ






Pranav V“4th std“Paramekkavu Vidyamandir“Poonkunnam.



**Adri Arun**
VII
Gurusree Public school
Kodungallur.



**Jhanvi Jayan**
“STD. IV“, Vidya Vikasini English High School & Junior College, Vasai, Palghar, Marashatra “Mobile: 8848883206.



# ഒരു പരിസ്ഥിതിദിനത്തിന്റെ ഓർമ്മയിൽ ...

ഹരിത ആവി പറക്കുന്ന കട്ടൻ ചായ കുടിച്ച് തുറന്നിട്ട ജനലിലൂടെ മഴ ആസ്വദിച്ച് സെറ്റിയിൽ യിൽ അലസമായി ഇരുന്നു. പുറത്ത് മഴ തിമർത്തു പെയ്യുകയാണ്. മഴയത്ത് ആവി പറക്കുന്ന കട്ടൻ ചായ കുടിച്ച് ഇങ്ങനെ വെറുതെയിരിക്കാൻ അവൾക്ക് വലിയ ഇഷ്ടമാണ്.

പൊടുന്നനെ ശക്തമായ മിന്നലോടു കൂടി ഇടി വെട്ടി, ഹരിത ഒന്നു ഞെട്ടി. പണ്ടെ അവൾക്ക് ഇടിയോടും മിന്നലിനോടുമെല്ലാം എന്തെന്നില്ലാത്ത ഭയമാണ്. പണ്ട് ഇടിയുടെ സുഴക്കവും മിന്നലിന്റെ വെളിച്ചല്ലാം കണ്ട് പേടിച്ച് കരയുമ്പോൾ അമ്മ തട്ടിട്ട മുറിയിൽ കൊണ്ടിരുത്തി ഒന്നൂല്ല്യാട്ടോ, അമ്മേടെ മോള് പേടിക്കേണ്ട എന്ന് പറഞ്ഞ് സമാധാനിപ്പിച്ചിരുന്നത് ഹരിത ഓർത്തു. അന്ന് ഇടിയുടെയും മിന്നലിന്റെയും ശക്തി കുറയും വരെ തന്റെ കൂടെയിരുന്ന് മഴയൊന്നു തോരുമ്പോൾ 'അമ്മ ഇപ്പൊ വരാട്ടോ' എന്ന് പറഞ്ഞ് അടുക്കളയിൽ പോയി ശർക്കരയിട്ട് അമ്മയുണ്ടാക്കിത്തരുന്ന കട്ടൻ ചായയുടെ രുചി വേറെയൊരു കട്ടൻ ചായക്കുമില്ലെന്ന് ഹരിത ഓർത്തു

ഇടിമിന്നലോടു കൂടിയ ഇടിമുഴക്കം ഹരിതയെ ചിന്തയിൽ നിന്നുണർത്തി. അവൾ സോഫയിൽ നിന്ന് എഴുന്നേറ്റ് ജനൽ അടച്ചു. ടിവിയുടെയും, മറ്റ് വൈദ്യുതി ഉപകരണങ്ങളുടെയും പ്ലഗ്ഗുകൾ ഊരിയിട്ട് തിരിച്ചു നടക്കുമ്പോഴാണ് അവൾ ലിവിങ് റൂമിലെ ചുമരിൽ തൂക്കിയിട്ടിരിക്കുന്ന കലണ്ടറിലെ ഡേറ്റ് ശ്രദ്ധിച്ചത്. ജൂൺ 5 ഇന്ന് പരിസ്ഥിതി ദിനമാണെന്ന് ഓർത്തു.

പരിസ്ഥിതി ദിനത്തോട്, കൃത്യമായി പറഞ്ഞാൽ പരിസ്ഥിതി ദിനത്തിലെ കാര്യപരിപാടികളോട് അവൾക്ക് പുച്ഛമാണ്. വാട്ട്സ് ആപ്പിൽ സ്റ്റാറ്റസിടാനും ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്യാനും മാത്രം ഒരു തൈ നട്ട് അതിന്റെ ചിത്രമെടുക്കും. പിന്നീട് ആ ചെടിയെ ഒന്നു തിരിഞ്ഞു നോക്കുക പോലുമില്ല. പരിസ്ഥിതി ദിനത്തിൽ മാത്രം പരിസ്ഥിതിയെ ഓർക്കുന്ന ജനങ്ങൾ ! ഇവർ ഈ നട്ട ചെടികളെല്ലാം വളർന്നു വലുതായിരുന്നെങ്കിൽ ഇന്ന് കേരളം ഒരു കാടായി മാറുമായിരുന്നല്ലോ.

ഹരിതാഭമായ ഒരു ചിത്രം മാത്രമാണ് തന്റെ ഗ്രാമത്തെക്കുറിച്ച് ഹരിതയുടെ മനസ്സിൽ ഉണ്ടായിരുന്നത്. എന്നാൽ രണ്ടു വർഷത്തെ ഇടവേളയ്ക്കു ശേഷം കഴിഞ്ഞ അ

വധിക്ക് ഗ്രാമത്തിലേക്ക് പോയതോടു കൂടി ആ ചിത്രം അവളുടെ മനസ്സിൽ നിന്നും പാടെ മായ്ക്കപ്പെട്ടു. ചെമ്മൺ നിരത്തുകൾക്കു പകരം ടാറിട്ട റോഡുകൾ, കൃഷിയിടങ്ങളൊന്നും ഇല്ല. പാടങ്ങളെല്ലാം നികത്തിയവിടെ വീടുകളും. ഫ്ളാറ്റുകളും പണിതുയർത്തിയിരിക്കുന്നു. ആ പാടത്തിലെ ചെറുവെള്ളച്ചാലിൽ നിന്തിതുടിച്ചിരുന്ന മീനുകളെ കുറിച്ചോർത്തും, ഉയരത്തിൽ ചാടി കളിച്ചിരുന്ന 'പേക്രോം' എന്ന്, മുത്തശ്ശിയുടെ ഭാഷയിൽ ഇന്ദ്രദേവന് മഴ തന്നതിന്നായി നന്ദി പറഞ്ഞു കൊണ്ട് കരഞ്ഞിരുന്ന തവളകളെക്കുറിച്ചും ഓർത്ത് ഹരിതക്ക് സങ്കടം തോന്നി.

ആ പാടശേഖരങ്ങൾ നികത്തി അവിടെ വീടുകളും ഫ്ളാറ്റുകളും പണിതവരോട് ദേഷ്യവും പക്ഷെ ഇങ്ങനെ പാടം നികത്തിയ ഫ്ളാറ്റിൽ തന്നെയാണല്ലോ താനും ജീവിക്കുന്നത് എന്നത് വരെ നിശ്ശബ്ദയാക്കി. കൊച്ചി പോലെയൊരു മഹാ നഗരത്തിൽ അങ്ങനെയൊരു ഫ്ളാറ്റ് താമസ്സത്തിനായി കിട്ടിയത് തന്നെ വലിയ കാര്യമാണെന്ന് അവൾ ഓർത്തു.

ഹരിതയെ ഏറ്റവും കൂടുതൽ വിഷമിപ്പിച്ചത് വീട്ടുവളപ്പിലെ ഔഷധ ചെടികളുടെ നഷ്ടമാണ് ബോട്ടണി പഠിക്കാൻ തന്നെ പ്രേരിപ്പിച്ച ചെടികൾ പോലും നശിപ്പിച്ചു കളഞ്ഞല്ലോ എന്നോർത്ത് അവൾ വല്ലാതെ ദു:ഖിച്ചു. പണ്ട് തന്റെ ഗ്രാമത്തിൽ നിന്ന് മഹാരാജാസ് കോളേജിൽ ബോട്ടണി പഠിക്കാനായി എറണാകുളത്തെത്തിയപ്പോൾ ആ മഹാനഗരം കണ്ട് അവൾ അത്ഭുതം കൂറി നിന്നു പോയിട്ടുണ്ട്. അവിടുത്തെ വലിയ വലിയ കെട്ടിട സമുച്ചയങ്ങൾ, ഷോപ്പിങ് കോംപ്ലക്സുകൾ ഇവയെല്ലാം അവളിലെ ആശ്ചര്യത്തെ വർദ്ധിപ്പിച്ചു. എന്നാൽ ഇന്ന് തന്റെ ഗ്രാമവും ഏതാണ്ട് ആ സാഹചര്യത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഹരിത ഓർത്തു. അവൾ ഒന്നു ദീർഘമായി നിശ്വസിച്ചു.

ഇടിയുടെയും മിന്നലിന്റെയും ശക്തി കുറഞ്ഞെങ്കിലും മഴ ശക്തമായി പെയ്യുന്നുണ്ടായിരുന്നു. തന്നോട് കൊടും ക്രൂരതകൾ ചെയ്ത മനുഷ്യനോടുള്ള ഭൂമിദേവിയുടെ ദേഷ്യമാണ് ശക്തമായ ഇടിയും മിന്നലുമെന്ന് അവൾക്ക് തോന്നി.

ഹരിത ടി.വി യുടെ പ്ലഗ്ഗ് കുത്തി സ്വിച്ച് ഓൺ ചെയ്തു. സോഫയിലേക്ക് അലക്ഷ്യമായി വലിച്ചെറിഞ്ഞിരുന്ന റിമോട്ട് എടുത്ത് വാർത്താ ചാനൽ വെച്ചു അതിൽ ന്യൂസ് റീഡർ പറയുന്നത് ഹരിത കേട്ടു കേരളത്തിൽ കനത്ത മഴ പ്രധാന നഗരങ്ങൾ വെള്ളത്തിൽ പല പ്രദേശങ്ങളിലും ഉരുൾ പൊട്ടലുണ്ടായതായി റിപ്പോർട്ട്. ഹരിത പിന്നെയും ദീർഘമായൊന്ന് നിശ്വസിച്ചു. കലിയടങ്ങിയിട്ടില്ല....

**Gayathri Gopakumar**
Class .... 9th
J M J E M H S S, Athani, Thrissur




# അക്ഷര സപര്യക്ക് സ്നേഹപൂർവ്വം...



രാജലക്ഷ്മി മഠത്തിൽ.

ഏതൊരു എഴുത്തുകാരന്റെയും മൂല്യബോധം, സമൂഹത്തിന്റെ നേർവഴി ചിന്തകൾക്കൊപ്പം നടക്കാൻ, കാണിക്കുന്ന ആർജ്ജവമുള്ള മനസ്സ്, എന്നിവയെല്ലാം അക്ഷരങ്ങളിലൂടെ പുതുവഴി തുറന്നിട്ട്,

തന്റെ നിലപാട് തറയിൽ വ്യക്തിമുദ്ര പതിപ്പിച്ച, സി ജി. അശോകൻ സാറിന്റെ 'നേർവഴി ചിന്തകൾ ', എന്ന എഴുത്തുകൂട്ടിൽ നമുക്ക് ദർശിക്കാനാവും. ഇത് എന്റെയോരോ പകലിന്റെ തുടക്കത്തിനും ഊടും പാവും നൽകിക്കൊണ്ടേയിരിക്കുന്നു.




വേദനിപ്പിക്കുന്ന പരീക്ഷണങ്ങളിലൂടെയും വേദനകളിലൂടെയും കടന്നു പോകുന്നവർ ക്കു ആശ്വാസത്തിന്റെ ചെറുതിരമാലകൾ കൊരുത്ത, വാഗ്ധോരണി തീർക്കുന്ന 'നേർവഴി ചിന്തകൾ', ലക്ഷ്യബോധം നഷ്ടപ്പെട്ട് ജീവിതം മടുത്തു പോകുന്നവർക്ക്, കച്ചിത്തുരുമ്പ് പോലെയീ അക്ഷരക്കൂട്ടുകൾ....

കാലം തരുന്ന തിരിച്ചറിവുകൾ ജീവിതത്തിന്റെ മുന്നോട്ടുള്ള വഴികളിൽ,വെള്ളിവെളിച്ചങ്ങളായി പടരുമെന്ന ഓർമ്മപ്പെടുത്തലുകൾ.. വാക്കുകൾ കൊണ്ട്

ഊർജ്ജം പകരുന്ന, ഹൃദയ വിശാലത വഴിവിളക്കായി തിരി തെളിയിക്കുന്ന, നേർവഴി ചിന്തുകൾ. സി ജി അശോകൻ എന്ന എഴുത്തുകാരന്റെ, നിതാന്ത പരിശ്രമത്തിന്റെ ഫലമായി മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന പരമമായ ലക്ഷ്യത്തിന്റെ സദ്- ഭാവുകത്വത്തിന്, നിറവുകൾ തീർത്ത് നേർചിന്തകൾ ഒഴുകി കൊണ്ടേയിരിക്കുന്നു.. ഒരു എഴുത്തുകാരന്റെ അക്ഷര ജ്വാലയ്ക്ക്, ഇത്രയേറെ പ്രകാശം ചൊരിയാൻ കഴിയുമെന്ന്, കാലം അടയാളപ്പെടുത്തുന്നു. 'നേർവഴി ചിന്തകൾ' വായിക്കുന്ന ഒരാളെന്ന നിലയ്ക്ക് ഞാനതിൽ അഭിമാനം കൊള്ളുന്നു.

നിലാവിൽ കുളിച്ച് നിൽക്കുന്ന ആമ്പൽ കുളം പോലെ തെളിമയാർന്ന അക്ഷരങ്ങൾക്കൊണ്ട് മായാജാലം തീർക്കുന്ന ചിന്തകൾക്ക്, വലിയ ജന പിന്തുണയുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു.

'നിങ്ങളെപ്പോലെ നിങ്ങളെ യുള്ളൂ 'എന്ന് ഓർമ്മപ്പെടുത്തുന്ന, സ്വന്തം തനിമ മറച്ചുവെച്ച് മറ്റുള്ളവരുടെ പുറകെ പോകാതിരിക്കാൻ, കാലത്തെ ചേർത്തു നിർത്തി, വകതിരിവോടെ പെരുമാറേണ്ടതിന്റെ ആവശ്യകത വ്യക്തമായി പറഞ്ഞു തരുന്ന, മനോഹരമായ ചിന്താ ശീലുകൾ. ആരെയും ആകർഷിക്കുന്ന അക്ഷര മുത്തുകൾ.

സമൂഹമെന്ന മലർവാടിയിലേക്ക്, സൂര്യപ്രകാശ രശ്മികൾ, ഊർജ്ജം പകരുന്ന പോലെയുള്ള നേർവഴി ചിന്തകൾ..

മൂല്യബോധത്തിൽ അധിഷ്ഠിതമായ,വാക്കുകൾ ചമക്കുന്ന, ഈ ചിന്താധാരകൾക്ക് , തളർന്നുപോകുന്ന മനുഷ്യമനസ്സുകളുമായി സംവദിക്കാനാകും. അവർക്ക് ഊർജ്ജം പകരാനാകും.

'വാക്കുദിക്കും ദിക്ക്
നീ തന്നെയാകുന്നു'. എന്ന കവി വാക്യത്തിന്, സി ജി അശോകനെന്ന എഴുത്തുകാരന്റെ, നേർവഴി ചിന്തകൾ മാതൃക തീർക്കുന്നുണ്ട്. 'അവനവനാത്മസുഖത്തിനായി ആചരിക്കുന്നവ
അപരനു സുഖത്തിനായി വരേണം', എന്ന വരികൾക്ക് കുടപിടിക്കുന്ന രീതിയിൽ കരുതൽ, സ്നേഹം, വിശ്വാസം, സത്യസന്ധത, കാഴ്ച, കടപ്പാട്, മൂല്യബോധം, സത്യം,ധർമ്മം നീതി , സമൂഹത്തിന് ആവശ്യമായ ഏതു മേഖലയെയും തൊട്ടുതലോടി പോകുന്ന ഇളങ്കാറ്റ് പോലെ, 'നേർവഴി ചിന്തകൾ' പടർന്നുയരുകയാണ്. വീഴ്ചയിൽ നിന്ന് ഉയർന്നു പറക്കാൻ, ഓരോരുത്തരെയും പ്രേരിപ്പിക്കുന്ന ഒരായിരം ചിറകുള്ള മൊഴിമുത്തുകൾ... തോറ്റിടത്തുനിന്ന് തന്നെ ജീവിതം തുടങ്ങാൻ, തോൽപ്പിച്ചവരുടെ മുന്നിൽ ജയിച്ചു കാണിക്കാൻ ഊന്നുവടിയാകുന്ന, സുകൃതാക്ഷരങ്ങൾ.

പരസ്പര വിശ്വാസത്തിന്റെ നൂൽ പാലത്തിലൂടെ, സ്നേഹത്തെ മുറുകെപ്പിടിച്ച് നടക്കാൻ പ്രേരിപ്പിക്കുന്ന വരികളിലൂടെ നമുക്കെന്തൊക്കെ ചെയ്യാൻ കഴിയും എന്നതിൽ, വിശ്വാസം അർപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.ആർജ്ജവമുള്ള വരികൾ കൊണ്ട് മനുഷ്യസമൂഹത്തിന് നേരെ, കണ്ണാടിയായി തിളങ്ങുന്ന, ഈ അക്ഷര സപര്യക്ക്, കാലത്തിന്റെ അടയാളമായി സ്നേഹത്തിന്റെ നീഹാര മുത്തുകളായി പൊഴിയാനാകട്ടെ...

ഈ അക്ഷര ചിന്തകൾക്ക് ഇനിയും ഒരുപാട് നേർവഴി പാതകൾ തെളിയിക്കാനാകട്ടെ..

ഹൃദയത്തിൽനിന്ന് ആശംസകളോടെ....

●

# പാതിരാവിൽ ഒരു പ്രണയകാലത്ത്



രവീന്ദ്രൻ മലയങ്കാവ്

**ശ്രീ** കൃഷ്ണകുമാർ മാപ്രാണത്തിന്റെ " പാതിരാവിൽ ഒരു പ്രണയകാലത്ത്" എന്ന കഥാസമാഹാരത്തിൽ 14 കഥകളാണുള്ളത്.

വളരെ ലളിതമായി മാപ്രാണം കഥ പറഞ്ഞു പോകുന്നു. "ഒപ്പം" എന്ന ആദ്യകഥ മുതൽ "കൈയ്യൊപ്പ് വരെയുള്ള കഥകളിൽ ജീവിതത്തിലെ പലപല മുഹൂർത്തങ്ങളും സങ്കീർണ്ണതകളും സമസ്യകളും നിത്യസത്യങ്ങളും നിറഞ്ഞിരിക്കുന്നു.




'ഒപ്പം' എന്ന കഥയിലെ മാഷിന് ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന അപമാനം വളരെ വലുതായിരുന്നു. പിന്നീട് ജീവിതസായാഹ്നത്തിൽ അതിനുകാരണകാരിയായ അദ്ധ്യാപികയെ കണ്ടുമുട്ടേണ്ടി വരുന്നു. ആ സംഭവത്തിനിടയിലും തന്റെ മരിച്ചുപോയ ഭാര്യയുടെ സാന്നിദ്ധ്യം ഭ്രമാത്മകമായ ലോകങ്ങളിലൂടെ സഞ്ചരിക്കുകയാണ്. മാനസിക നില തകരാറിലായിരിക്കുന്ന തോന്നൽ അയാൾക്കില്ലെങ്കിലും അയാളുടെ മകൾ അടക്കമുള്ളവർക്ക് അതു മനസ്സിലാവുന്നു. തന്റെ ഭാര്യയുടെ അരികിലേയ്ക്ക് അയാളും യാത്രയാകുന്നു. സ്നേഹവും പ്രണയവും വിരഹവുമൊക്കെ കൂടികുഴഞ്ഞ ജീവിതത്തിന്റെ ആകസ്മികതകളും വേദനകളും നിറഞ്ഞ ഈ കഥയുടെ ക്രാഫ്റ്റ് വായനക്കാരനെ അത്ഭുതപ്പെടുത്തും. ഫാന്റസിയുടെ സൗന്ദര്യം വായനക്കാർക്ക് അനുഭവിക്കാനുമാവുന്നു.

'പാതിരാവിൽ ഒരു പ്രണയകാലത്ത് ' എന്നത് സറ്റയർ കഥ

യാണെങ്കിലും പ്രണയവും അതിലെ ചതിക്കുഴികളും വിശ്വാസവഞ്ചനകളും ഇതിൽ അടയാളപ്പെടുത്തിയിരിക്കുന്നു.

മരണപ്പെട്ട രണ്ടാത്മാക്കൾ മനസ്സുതുറക്കുമ്പോൾ അവിടെ വിരിയുന്നത് പ്രണയത്തിന്റെ സൗഗന്ധികങ്ങളാണെന്ന് നമ്മൾ തിരിച്ചറിയുന്നു.

വിരുദ്ധമായ മാനസിക വ്യാപാരങ്ങളും ജീവിതരീതികളുമായി ഒരുമുറിയിൽ കാതങ്ങളുടെ അകലവുമായി ജീവിക്കുന്നവർക്കിടയിൽ അനാശാസ്യത്തിന്റെ സാദ്ധ്യതകൾ രൂപപ്പെടുന്നത് എങ്ങിനെയെന്ന് 'അലമേലുവിന്റെ സ്വപ്നങ്ങൾ' എന്ന കഥയിൽ വരച്ചുകാട്ടുന്നു.

'അരുന്ധതി കാത്തിരിക്കുന്നു' എന്ന കഥയിൽ മരിച്ചുപോയ ഭർത്താവിന്റെ വരവും പ്രതീക്ഷിച്ച് അണിഞ്ഞൊരുങ്ങി കാത്തിരിക്കുന്ന 'അരുന്ധതി എന്ന കഥാപാത്രം ഒരുനോവായി മാറുന്നു'

വീടെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ വിയർപ്പൊഴുക്കുകയും ഒടുവിൽ ഭാര്യയുടെ മുമ്പിൽ അധികപറ്റാവുകയും ചെയ്യുന്ന ഒരു പ്രവാസിയുടെ ദൈന്യം ചിത്രീകരിക്കുകയാണ് "സ്വപ്നസൗധ"ത്തിൽ.

ഒരിക്കലും നേരിട്ടുകാണാത്ത ഒരാളുടെ ദീനം മാറാൻ പുഷ്പാഞ്ജലി നേരുന്ന ശുദ്ധനായ ഒരു മഹാത്മാവിന്റെ കഥയാണ് "പുഷ്പാഞ്ജലി" നാട്ടുഭാഷ സംസാരശൈലിയിലാണ് ഈ കഥ പറഞ്ഞുപോകുന്നത്.

ജീവൻപോയാലും സംഗതി വൈറലായാൽ മതി എന്നു ചിന്തിക്കുന്ന ന്യൂജെൻ തലമുറ, രക്ഷിതാക്കൾക്കു നൽകുന്ന തീരാവേദനയെ "സെൽഫി" ഭംഗിയായി അവതരിപ്പിക്കുന്നു.

'പെയ്തൊഴിയാതെ' എന്ന കഥയിൽ ഭാര്യമരിച്ചുപോയ ഒരാളെ ഇപ്പോഴും പ്രണയിക്കുന്ന, അയാളെ സ്വന്തമാക്കണമെന്നുള്ള മോഹത്തോടെ കടന്നുവരുന്ന ലക്ഷ്മി എന്ന യുവതി.. അയാളാണെങ്കിൽ ഭാര്യയുടെ ഓർമ്മകളുമായി കഴിയുന്നു. പ്രലോഭനങ്ങളിൽ വീണുപോവാത്ത പുരുഷകഥാപാത്രം ഇതിൽ ശോഭിച്ചു നിൽക്കുന്നു.

ആത്മഹത്യ ചെയ്യാൻ ഭയമുള്ള ഒരുവൻ തന്നെതന്നെ വകവരുത്താൻ 'ക്വട്ടേഷൻ' കൊടുക്കുന്ന കഥ ആധുനികാനന്തര കാലഘട്ടത്തിന്റെ വിഷമസന്ധികളെയാണ് പറഞ്ഞുവയ്ക്കുന്നത്. വായനക്കാരിൽ ഞെട്ടലുണ്ടാക്കുന്ന ഈ കഥയുടെ വ്യത്യസ്തത ശ്രദ്ധേയമായിരിക്കുന്നു.


വള്ളിമോതിരവും കരിന്തേളും, അയാൾ,ചോരയുടെ മണമുള്ള കാറ്റ്, തുടങ്ങീ മറ്റുകഥകളും ഹൃദ്യമായ വായനാനുഭവം പ്രദാനം ചെയ്യുന്നു.

അവതാരികയിൽ മുണ്ടൂർ സേതുമാധവൻ മാഷ് കുറിച്ചതുപോലെ പതിഞ്ഞ എഴുത്തിന്റെ ശില്പിയാണ് കൃഷ്ണകുമാർ മാപ്രാണം. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കഥകൾ ഒരു വൃശ്ചികമാസ കുളിരുപോലെ ഹൃദ്യമാകുന്നു.



ജയിസൺ കെ

# കുട്ടിശങ്കരന്റെ പലായനം



**വെ**ള്ളകീറി തുടുത്തു വരുന്നതേ - യുള്ളു അപ്പോഴേക്കും ജനനിയുടെ അതിരൂക്ഷത നിറഞ്ഞ ശകാര പദങ്ങളുടെ ചിറകടി കേട്ടുകൊണ്ടാണ് കുട്ടിശങ്കരനെന്ന ബാലൻഉറക്കച്ചടവ് വിട്ടെഴുന്നേറ്റു വന്നത്   ആ അപക്വമായ ബാല്യ ചിത്തത്തിലെവിടേയോ ഒരു മുറിവ് രൂപപ്പെടുകയും അതു പരിണാമത്തിന്റെ ഗതിവിഗതികളിൽ ആത്മബോധങ്ങളിലേക്ക് തായ് വേരാഴ്ത്തുകയും ഭൂതത്തിലെ വരണ്ട ഭൂമികയിൽ നിന്ന് നനവ് വലിച്ചെടുക്കുകയും ചെയ്തു.

ആത്മസംഘർഷങ്ങളുടെ മെതിയടി, ആത്മരോദനങ്ങളുടെ തടവറ ഭേദിക്കുവാനാകാതെ ഋതുപകർച്ചയിൽജന്മാന്തരങ്ങളുടെ അവസാന ചങ്ങലക്കൊളുത്തിൽ ഒരു ജന്മനിയോഗത്തിന്റെ ആത്മബലിയിൽപൂരണം ചെയ്യുന്ന പ്രഹേളികയായി.

ഇരുളും വെളിച്ചവും ഇണചേർന്ന് കിടക്കുന്ന ജീവചക്രങ്ങളുടെ ദശാസന്ധികളിൽ കാലപ്രവാഹത്തിന്റെ നിവേദ്യങ്ങൾ 'ജന്മശാപത്തിന്റെ വിഷ നീലിമയിൽ അനാദിയായ അറിവിന്റെ മിഥ്യാഭ്രമങ്ങളിൽ സ്മൃതിയുടെ പഞ്ഞിതുണ്ട്കടന്ന് പോകുന്ന വിധിതീർപ്പുകളിൽ .സന്ദേഹങ്ങളുടെ ഗദ്ഗദം രുചിച്ച്, മോഹജാലകം തുറന്ന്, ഉന്മാദത്തിന്റെ തീക്ഷ്ണ വെയിൽ ചുംബനമേറ്റ് അനന്തമായ അംബരായനത്തിലൂടെ.

ഇപ്പോൾ ചില ചുടലകളെരിയുന്ന സഹനത്തിന്റെ സഹവർത്തിത്വങ്ങളിൽ നേരറിവ് തേടുകയാണ് താൻ. തിരിച്ചറിവ് നഷ്ടപ്പെട്ടപാലായന വ്യഥകളുടെ അനന്തശയനങ്ങളിൽ നിന്ന് ബോധത്തിന്റെ സ്ഥലരാശിയിൽ പകർന്ന് കിട്ടിയ ജീവന്റെ വെളിപാടുകൾ ആത്മ നിർവൃതിയുടെ മദിക്കുന്ന സൂര്യാംശുവിൽ ദിനാറുതികളെ മാ യികവലയത്തിലൊതുക്കുന്നു വല്ലോ അതിന്റെ സമൃദ്ധമായ പാഥേയമുണ്ട് തന്റെ പശി കാലഗണിതത്തിൽ പുതു സാദ്ധ്യതകളുടെ പശിമണ്ണ് കുഴക്കുന്നു '

സൃഷ്ടി കുട്ടിശങ്കരനിൽ വിളറിപ്പോയൊരു തത്വശാസ്ത്രത്തിന്റെ ഇരുണ്ടുപോയ രൂപകമല്ലഅതു സ്വയംപര്യാപ്തമല്ലാത്ത അന്വേഷണങ്ങളുടെ വിഹ്വലതകളിൽ ആയുസ്സിന്റെ അർദ്ധവിരാമം കടന്നു പോകുന്ന മോക്ഷത്തിന്റെ നിർവൃതികളാണ് പരിണാമത്തിന്റെ ചിത്രപരമ്പരകളാണ്അമ്മയുടെ പ്രകോപനത്തിന്റെ പടപ്പുറപ്പാടുകൾ ക്ഷണികമല്ലെന്നും മുന്നേ അനിയന്ത്രിതമായ അധിനിവേശത്തിന്റെ അഭിനിവേശങ്ങളുടെ പരിണിത ഫലങ്ങളെലക്ഷ്മണരേഖയിൽ ഒതുക്കുകയാണെന്നും തനിക്കറിയാം.

പക്ഷെ കാകന്റെ കൗശലം നിറഞ്ഞശൗര്യം അടങ്ങി പിന്തിരിയുന്ന ഭാവമൊന്നുമില്ലെന്ന് ജനനിയുടെശബ്ദമർദ്ദങ്ങളുടെ അലയടിയിൽ നിന്നേ അറിയാം   തനിക്കും ആ കറുത്ത പതംഗത്തെ എന്നും വെറുപ്പായി

രുന്നുവല്ലോ ചില സഹിഷ്ണുതയ്ക്കപ്പുറമുള്ള കർമ്മദോഷങ്ങൾ തന്നെനിദാനം' ഒരിക്കൽ ആ അപരിഷ്കൃതജീവിയെ കല്ലെറിയുകയും ഏറെ താമസിയാതെ താൻ കുഴഞ്ഞു വീഴുകയും ചെയ്തിരുന്നു.അന്ന് മുതൽ ഏതോ മുന്നേ കടന്നു പോയ ഒരു ജീവചൈതന്യം തന്നെ പ്രലോഭനപ്പെടുത്തുന്നതറിഞ്ഞിരുന്നുവല്ലോ.

ആ കർമ്മബന്ധങ്ങളുടെ ന്യായമായഇഴയടുപ്പത്തിലേക്ക് താൻ തമോഗർത്തങ്ങളിലേക്ക് പതിക്കുന്ന വെള്ളക്കുള്ളനായിമാറി ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ തന്റെ ബാല്യത്തെ ഇളക്കി പ്രതിഷ്ഠിച്ചു.ചിന്തകൾ ബാല്യഭൂമികകളിൽ നിന്ന് അനന്തവിഹായസ് തേടിപറന്നത് എന്തുകൊണ്ട്? പുതിയ ദർശനങ്ങളുടെ പാദമുദ്രകൾ ഒരുതരം ഒറ്റപ്പെടലിന്റെ മാന്ത്രികാനുഭൂതി.

എന്നാലിപ്പോൾ താൻ ഈ കാകനെ ആത്മാർത്ഥമായി പ്രണയിക്കുന്നതിന്റെ ജീവരഹസ്യം ഏത് നിയോഗത്തിന്റെ അന്തർധാരകളിൽ നിഗൂഢമായിരിക്കുന്നു ' തിരിച്ചറിവിന്റെ ഏതോ തിരിവോരങ്ങളിൽ ഈ പുത്രൻ പിതൃശൂന്യതയുടെ തരിശ്നിലങ്ങളിൽ തന്റെ പിതാമഹന്റെ അശാന്തമായ ആത്മാവിന്റെ വ്യക്തിത്വങ്ങളുടെ താഴ്വാരങ്ങളിൽ മഞ്ഞ് പെയ്യിക്കുന്നു 'ഓർമ്മ അജ്ഞാതമായ അസന്തുലനങ്ങളിലൂടെ ആത്മനിർവൃതിയുടെ കൽപ്പടവുകളിൽ തട്ടിആയുസ്സിന്റെ ചതുരംഗങ്ങളിൽപരകായപ്രവേശം ചെയ്യുന്നു. ഇപ്പോൾ ജനനിയുമായുള്ള ഒരു സംവാദപ്പൊലിമ വെറും പതിരാവുകയേയുള്ളു. തന്റെ വിത്ത് അ കാകനിൽ കിളിർത്തു തുടങ്ങിയിരിക്കുന്നു 'ആത്മബലങ്ങളുടെ തനിയാവർത്തനങ്ങളിൽ ആത്മഹൂതി ചെയ്യപ്പെട്ട വർത്തമാനങ്ങളുടെ ചില നഷ്ടവസന്തങ്ങളിൽ ബാല്യം പിതാമഹനിലേക്കുള്ള കിതപ്പുകളറിയാത്തകുതിപ്പുകളുടെ ഉത്സവത്തിടമ്പേറ്റി.



അതവന് ആനന്ദവും നശ്വരമായ ജീവിതഭൂമികയിൽഅനശ്വരമായ അറിവിന്റെ താഴികക്കുടവുമാണ് പ്രാപഞ്ചികമായ ശിലാഖണ്ഡത്തിൽ തട്ടി തകർക്കപ്പെടാനാവാത്ത സ്മൃതിരേഖകൾ ആലേഖനം ചെയ്യപ്പെട്ടനേരിന്റെ കൈയ്യൊപ്പ്.

ശങ്കരൻ കണിയാൻ ഓലക്കുട കെട്ട് വിദഗ്ദ്ധനാണ് 'ഈറ്റ കീറിയെടുത്ത് അതിൽ പനയോലച്ചു റ്റി നിർമ്മിച്ചെടുക്കുന്ന ഓലക്കുടകൾ സുന്ദരവും വർഷ ഋതുവിന്റെ കടന്നാക്രമണത്തെ ചെറുക്കുവാൻ പര്യാപ്തവുമായിരുന്നു' തൊടികളിലൂടെയും നാട്ടിടവഴികളിലൂടേയും കൂനിയിഴഞ്ഞ് നീങ്ങുന്ന തീക്ഷ്ണമായ മിഴികളുള്ളആ രൂപം തന്റെ ആത്മാവിനോട്സംവദിക്കുന്നു 'ക്രമേണ തന്നിൽചില പരിവർത്തനം സാദ്ധ്യമാകുന്നത് അറിയുന്നു. ആ ആത്മാവിന്റെ അന്തർദാഹം തന്നെയാണ്ഗതി കിട്ടാതെ ഈ കാക്കയിൽകൂടി സഞ്ചാരഗതി തേടുന്നതുംതങ്ങളെ പിന്തുടരുന്നതും, പൊരുളറിയാത്ത സമസ്യയുടെ ഓലക്കുട കെട്ടുന്നതും പരിണാമത്തിന്റെ പതിഞ്ഞ, പക്വമായ അറിവിന്റെ ഉന്മാദങ്ങൾ ഉൾവിളികളിൽ തങ്ങളെ പരീക്ഷിക്കുന്നു.

അവൻ ആരുമറിയാതെ ആ കാകന് ദാഹനീർ നൽകുകയും, ഭക്ഷണം നൽകുകയുംചെയ്തു അവന്റെ സമീപ്യം ആപതംഗം ഏറെ ആസ്വദിച്ചു. അവഅവനോട് ആയുസ്സിന്റെ വ്യർത്ഥതയെപ്പറ്റിയും മോക്ഷത്തിന്റെ ഭ്രാന്തമായ ഭ്രമണങ്ങളെപ്പറ്റിയും ഏറേമൊഴിഞ്ഞു' അവന് അതൊന്നും മനസിലായില്ല എങ്കിലും ചില പരിവർത്തനങ്ങൾസംഭവിച്ചുകൊണ്ടേയിരുന്നു

ഒരു ദിനം കുട്ടിശങ്കരനെ കാണാതായി. അത് എല്ലാവരേയും ദു:ഖത്തിലാഴ്ത്തി. ഏറെ താമസിയാതെ രണ്ടുകാക്കകൾ മുറ്റത്ത് ആജനനി യെ ചുറ്റിപറ്റി പറന്നു കളിച്ച് അവരെ ശല്യപ്പെടുത്തികൊണ്ടിരുന്നു.